


വിശുദ്ധപുളിപ്പാകുന്ന
മൽക്കായുടെ
പുതുക്കൽ ക്രമം

പൗരസ്ത്യസുറിയാനിസഭയുടെ ക്രമമനുസരിച്ച് ശ്ലൈഹികപാരമ്പര്യമായ മൽക്കാ അഥവാ വിശുദ്ധപുളിപ്പ് പുതുക്കുന്ന ക്രമം

(പെസഹാവ്യാഴാഴ്ച നടത്തപ്പെടുന്നു.)

(സ്ലീവാ, ഏവൻഗാലിയോൻ, വിളക്കുകൾ എന്നിവയും മൽക്കാ, ശുദ്ധമായ ഗോതമ്പുപൊടി, ഉപ്പ്, ഒലിവെണ്ണ, വെള്ളം, പാത്രങ്ങൾ എന്നിവയും ക്രമീകരിച്ചുവയ്ക്കണം. മ്ശംശാനാ ധൂപം എടുക്കണം.)

കാർമി: ആവൂൻ ദ്‌വശ്മയ്യാ (സമൂഹവും ചേർന്ന്) നെസ്ക്കദശ് ശ്മാക് തേസേ മൽക്കൂസാക്/ കന്ദീശ് കന്ദീശ് കന്ദീശത്ത്. ആവൂൻ ദ്‌വശ്മയ്യാ/ ദമ്ലേൻ ശ്മയ്യാ വർആ റമ്പൂസ് ശുവ്ഹാക്/ ഈറേ ഉനാശാ ഖായേൻ ലാക്/ കന്ദീശ് കന്ദീശ് കന്ദീശത്ത്. ആവൂൻ ദ്‌വശ്മയ്യാ/ നെസ്ഖദശ് ശ്മാക് തേസേ മൽക്കൂസാക്/ നെഹ്‌വെ സെവ്‌യാനാക് ഐക്കന്നാ ദ്‌വശ്മയ്യാ ആപ് ബർആ. ഹവ് ലൻ ലഹ്മാ ദ്‌സുന്ക്കാനൻ/ യൗമാനാ വശ്‌വോക്ക് ലൻ/ഹൗബൈൻ വഹ്ഥായൈൻ ഐക്കന്നാ ദാപ് ഹ്നൻ ശ്വക്കൻ ല്ഹയ്യാവൈൻ/ ഉലാ താലൻ ല്നെസ്യോനാ എല്ലാ പസാൻ മിൻ ബീശാ. മെഥോൽ ദ്‌ദീലാകി മൽക്കൂസാ/ ഉഹൈലാ ഉസെശ്ബൊഹ്ത്താ ല്ആലം അൽമീൻ ആമേൻ.
കാർമി: ശുവ്ഹാ ലാവാ ഉലവ്റാ വല്റൂഹാ ദ്ക്കുദ്ശാ.
സമൂ: മിൻ ആലം വാദമ്മാ ല്ആലം ആമേൻ വാമേൻ.
കാർമി: ആവൂൻ ദ്‌വശ്മയ്യാ (സമൂഹവും ചേർന്ന്) നെസ്ക്കദശ് ശ്മാക് തേസേ മൽക്കൂസാക്/ കന്ദീശ് കന്ദീശ് കന്ദീശത്ത്. ആവൂൻ ദ്‌വശ്മയ്യാ/ ദമ്ലേൻ ശ്മയ്യാ വർആ റമ്പൂസ് ശുവ്ഹാക്/ ഈറേ ഉനാശാ ഖായേൻ ലാക്/ കന്ദീശ് കന്ദീശ് കന്ദീശത്ത്.
മ്ശം: നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമ്മി: രാജാക്കന്മാരുടെ രാജാവേ, ജനരാശികളും മാലാകാമാരുടെ പതിനായിരങ്ങളും പ്രധാനമാലാകാമാരും നിന്നെ ആരാധിക്കുന്നു. അവർ വലിയഭയത്തോടും വിറയലോടുംകൂടിനിന്ന് നിന്നെ ശുശ്രൂഷിക്കുകയും നിന്റെ ആരാധ്യമായ മഹത്ത്വത്തിന്റെ ഔന്നത്യത്തെ പുകഴ്ത്തുകയും ചെയ്യുന്നു. നിന്നെ എല്ലാസമയവും ഏറ്റുപറയുവാനും ആരാധിക്കുവാനും സ്തുതിക്കുവാനും ഞങ്ങൾ കടപ്പെട്ടവരാകുന്നു. മാറാ ദ്കോൽ ആവാ വൗറാ ഉറൂഹാ ദ്ക്കുദ്ശാ ല്അൽമീൻ.

സമൂ: ആമേൻ.

മ്ശം: (സങ്കീ 82) മാലാകാമാരുടെ സഭയിൽ ദൈവം നിലകൊള്ളുന്നു; അവരുടെ മധ്യേ ന്യായം വിധിക്കുന്നു. ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

(കാനോനാ) ന്യായാധിപന്മാരേ, നീതിപൂർവം വിധിക്കുവിൻ; തിന്മയിൽനിന്ന് അകന്നുമാറുവിൻ.

(സമൂഹം രണ്ടു ഗണമായി)

മാലാകാമാരുടെ സഭയിൽ ദൈവം നിലകൊള്ളുന്നു; അവരുടെ മധ്യേ ന്യായം വിധിക്കുന്നു.

നിങ്ങൾ എത്രനാൾ അന്യായമായി വിധിക്കും? ദുർവൃത്തരെ അനുകൂലിക്കും?

അനാഥരെയും അഗതികളെയും നീതിയോടെ വിധിക്കുവിൻ; ദരിദ്രർക്കും എളിയവർക്കും നീതി നടപ്പാക്കുവിൻ.

ദുഷ്ടരുടെ കരങ്ങളിൽനിന്ന് ദുർബലരെയും അഗതികളെയും രക്ഷിക്കുവിൻ.

ഇരുളിലാണ് തങ്ങൾ വ്യാപരിക്കുന്നതെന്ന് അവർ അറിയുന്നില്ല, മനസ്സിലാക്കുന്നുമില്ല; ഭൂമിയുടെ അടിത്തറ ഇളകിക്കഴിഞ്ഞു.

നിങ്ങൾ എല്ലാവരും ദൈവങ്ങളാണെന്നും അത്യുന്നതന്റെ പുത്രന്മാരാണെന്നും ഞാൻ പറഞ്ഞു.

എങ്കിലും, മനുഷ്യരെപ്പോലെ നിങ്ങൾ മരിക്കും; ഏതൊരു പ്രമാണിയെയുംപോലെ നിലംപതിക്കും.

ദൈവമേ, എഴുന്നേല്ക്കണമേ; ഭൂമിയെ വിധിക്കണമേ;
എല്ലാ ജനതകളും അങ്ങേ അവകാശമാണല്ലോ.

(കാനോനാ) ന്യായാധിപന്മാരേ, നീതിപൂർവം വിധിക്കുവിൻ; തിന്മയിൽനിന്ന് അകന്നുമാറുവിൻ.

(സങ്കീ 83) ദൈവമേ, അങ്ങേക്കു തുല്യനായി ആരുണ്ട്? അങ്ങു നിശ്ശബ്ദനും നിശ്ചലനുമായിരിക്കരുതേ.

(കാനോനാ) സർവശക്തനായ ദൈവമേ, അങ്ങേക്കു സമനായി സൃഷ്ടികളിൽ ആരുമില്ല.

ഇതാ, അങ്ങയുടെ ശത്രുക്കൾ കലഹമുണ്ടാക്കുന്നു; അങ്ങേ ജനത്തിനെതിരായി തലപൊക്കുന്നു.

അവർ നിഗൂഢതന്ത്രങ്ങൾ മനയുന്നു; അങ്ങേ വിശുദ്ധജനത്തിനെതിരേ ദുരാലോചന നടത്തുന്നു.

അവർ പറയുന്നു: വരുവിൻ! ജനത്തിൽനിന്ന് നമുക്കവരെ തുടച്ചു നീക്കാം; ഇസ്രായേലിന്റെ നാമം മേലിൽ ആരും ഓർമിക്കരുത്.

അവർ ഏകമനസ്കരായി ആലോചനനടത്തി; അങ്ങേക്കെതിരേ സഖ്യംചേർന്നു.

ഏദോംകാരും അറാബാക്കാരും മൊവാബുകാരും ഗെദറായരും അമ്മോൻകാരും അമലേക്യരും ഒന്നുചേർന്നു.

പ്ലശ്ത്തുകാരും സോർനിവാസികളും അവരോടൊത്തു ചേർന്നു.

അസീറിയാക്കാരും അവരെ തുണച്ചു; ലോത്തിന്റെ മക്കൾക്കു സഹായം നല്കി.

മെദിയാനോടും സിസറായോടും യാബിനോടും അങ്ങു കിഷോൻ താഴ്വരയിൽ ചെയ്തതുപോലെ ഈ ദുഷ്കർമികളോടും വർത്തിക്കണമേ.

ഇൻദോറിൽവച്ച് അവർ നശിപ്പിക്കപ്പെട്ടു; അവർ ഭൂമിക്കു വളമായിത്തീർന്നു.

ഓറബിനെയും സീബിനെയും സേബായെയും സൽമനായെയുംപോലെ അവരുടെ പ്രമാണികളെയെല്ലാം നിശ്ശേഷം നശിപ്പിക്കണമേ.

ദൈവത്തിന്റെ പട്ടണം നമുക്കു സ്വന്തമാക്കാം എന്ന് അവരുടെ പ്രഭുക്കന്മാർ വമ്പുപറഞ്ഞു.

ദൈവമേ, അങ്ങ് അവരെ ചുഴലിക്കാറ്റുപോലെയും പറന്നുപോകുന്ന ഉണക്കപ്പുല്ലുപോലെയുമാക്കണമേ.

വനത്തിൽ പടരുന്ന അഗ്നിപോലെയും മലയെ ചുടുന്ന തീജ്ജ്വാലപോലെയും അങ്ങ് അവരെ ചുഴലിക്കാറ്റിൽ കറക്കണമേ; കൊടുങ്കാറ്റിനാൽ ഭയപ്പെടുത്തണമേ.

അങ്ങേ നാമം അന്വേഷിക്കേണ്ടതിന് അവരുടെ മുഖം ലജ്ജിതമാക്കണമേ.

അവർ എന്നേക്കും അവഹേളിതരും സംഭീതരുമാകട്ടെ; അപമാനിതരായി നശിക്കട്ടെ.

കർത്താവേ, അങ്ങേ നാമംമാത്രം ഭൂമിമുഴുവനിലും ഉയർന്നു നില്ക്കുന്നു എന്ന് അവർ അറിയട്ടെ.

(കാനോനാ) സർവശക്തനായ ദൈവമേ, അങ്ങേക്കു സമനായി സൃഷ്ടികളിൽ ആരുമില്ല.

(സങ്കീ 84) ശക്തനായ കർത്താവേ, അങ്ങേ കൂടാരങ്ങൾ എത്ര പ്രിയങ്കരമാകുന്നു; കർത്താവിന്റെ അങ്കണങ്ങൾക്കായി എന്റെ ആത്മാവു തീവ്രമായി അഭിലഷിക്കുന്നു.

(കാനോനാ) എല്ലാറ്റിനെയും പവിത്രീകരിക്കുന്ന ദൈവമേ, അങ്ങയുടെ വിശുദ്ധസ്ഥലം എത്ര സ്തുത്യർഹവും മനോഹരവുമാകുന്നു.

എന്റെ ഹൃദയവും ശരീരവും ജീവിക്കുന്ന ദൈവത്തെ സ്തുതിക്കുന്നു.

കുരുവി അതിനു പാർപ്പിടവും ചെങ്ങാലി കൂടും കണ്ടെത്തി.

ശക്തനായ കർത്താവേ, അങ്ങേ ബലിപീഠത്തിനരികിൽ അവ കുഞ്ഞുങ്ങളെ വളർത്തുന്നു.

എന്റെ രാജാവേ, എന്റെ ദൈവമേ, അങ്ങയുടെ ഭവനത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ; അവർ എന്നേക്കും അങ്ങയെ സ്തുതിക്കും.

അങ്ങു സഹായിക്കുകയും അങ്ങയുടെ വഴികൾ ഹൃദയത്തിലുറപ്പിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ.

അവർ ബാക്കാത്താഴ്‌വരയിലൂടെ കടന്നുപോയി; അവർ അതിനെ വസതിയാക്കി; പ്രമാണദാതാവ് അതിനെ അനുഗ്രഹിച്ചു.

അവർ ശക്തിയിൽനിന്നു ശക്തിയിലേക്കു പോകും; അത്യുന്നതനായ ദൈവം സെഹിയോനിൽ പ്രത്യക്ഷനാകും.

കർത്താവേ, ശക്തനായ ദൈവമേ, എന്റെ പ്രാർഥന കേൾക്കണമേ; യാക്കോബിന്റെ ദൈവമേ, എന്നെ ചെവിക്കൊള്ളണമേ.

സഹായകനായ ദൈവമേ, കടാക്ഷിക്കണമേ; അങ്ങേ അഭിഷിക്തനെ തൃക്കൺപാർക്കണമേ.

ദുഷ്ടന്മാരുടെ കൂടാരത്തിൽ വസിക്കുന്നതിനെക്കാൾ ദൈവഭവനത്തിൽ വസിക്കാൻ ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നു.

അങ്ങയുടെ ഭവനത്തിലെ ഒരു ദിവസം മറ്റ് ആയിരം ദിവസങ്ങളെക്കാൾ കൂടുതൽ അഭികാമ്യമാണല്ലോ.

എന്തുകൊണ്ടെന്നാൽ നമ്മുടെ സഹായകനും സംരക്ഷകനും ദൈവമായ കർത്താവാകുന്നു.

കർത്താവു കരുണയും മഹത്ത്വവും നല്കുന്നു; പരമാർത്ഥതയോടെ വ്യാപരിക്കുന്നവർക്ക് തന്റെ നന്മകൾ നിഷേധിക്കയില്ല.

കർത്താവേ, ശക്തനായ ദൈവമേ, അങ്ങിൽ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ.

(കാനോനാ) എല്ലാറ്റിനെയും പവിത്രീകരിക്കുന്ന ദൈവമേ, അങ്ങയുടെ വിശുദ്ധസ്ഥലം എത്ര സ്തുത്യർഹവും മനോഹരവുമാകുന്നു.

(സങ്കീ 85) കർത്താവേ, അങ്ങയുടെ ദേശത്തിൽ അങ്ങു സംപ്രീതനായി; യാക്കോബിന്റെ അടിമത്തം അങ്ങ് അവസാനിപ്പിച്ചു.

(കാനോനാ) ഞങ്ങളുടെ കർത്താവേ, സ്ലീവായുടെ വലിയ ശക്തിയാൽ അങ്ങയുടെ ആരാധകർക്ക് സഹായവും രക്ഷയും നല്കണമേ.

ജനത്തിന്റെ ദുഷ്ടത അങ്ങു ക്ഷമിച്ചു; അവരുടെ പാപങ്ങളെല്ലാം പൊറുത്തു.

കോപമെല്ലാം അങ്ങു ദൂരെയകറ്റി; അങ്ങേ ഉഗ്രകോപം പിൻവലിച്ചു.

ഞങ്ങളുടെ രക്ഷകനായ ദൈവമേ, ഞങ്ങളെ നേർവഴിയിലാക്കണമേ; അങ്ങേ രോഷം പിൻവലിക്കണമേ.

എന്നേക്കും അങ്ങു ഞങ്ങളോടു കോപിക്കരുതേ; തലമുറകളോളം അങ്ങേ കോപം നിലനിറുത്തരുതേ.

അങ്ങു ഞങ്ങളെ നേർവഴിക്കു നയിക്കണമേ; ഞങ്ങളെ ജീവിപ്പിക്കണമേ; ഞങ്ങൾ അങ്ങയിൽ ആനന്ദിക്കട്ടെ.

കർത്താവേ, അങ്ങേ കൃപ വെളിപ്പെടുത്തണമേ; അങ്ങേ രക്ഷ ഞങ്ങൾക്കേകണമേ.

കർത്താവായ ദൈവത്തിന്റെ തിരുവചനം ഞങ്ങൾ ശ്രവിക്കട്ടെ.

തന്റെ ജനവും നീതിമാന്മാരും പിന്തിരിയാതിരിക്കാൻവേണ്ടി ദൈവം സമാധാനമരുളുന്നു.

ദൈവത്തെ ആദരിക്കുന്നവർക്ക് അവിടത്തെ രക്ഷ സമീപസ്ഥമാണ്; ദൈവമഹത്ത്വം ദേശത്തു നിലനില്ക്കും.

കൃപയും സത്യവും കണ്ടുമുട്ടും; നീതിയും സമാധാനവും തമ്മിൽ ആശ്ലേഷിക്കും.

ഭൂമിയിൽ വിശ്വസ്തത മുളയെടുക്കും; ആകാശത്തുനിന്നു നീതി കടാക്ഷിക്കും.

കർത്താവു തന്റെ നന്മകൾ പ്രദാനം ചെയ്യും; ഭൂമി അതിന്റെ വിളവു നല്കും.

നീതിമാൻ തിരുമുമ്പിൽ വ്യാപരിക്കും; അവന്റെ പാതകൾ ഭൂമിയിൽ ക്രമപ്പെടുത്തുകയും ചെയ്യും.

(കാനോനാ) ഞങ്ങളുടെ കർത്താവേ, സ്ലീവായുടെ വലിയ ശക്തിയാൽ അങ്ങയുടെ ആരാധകർക്ക് സഹായവും രക്ഷയും നല്കണമേ.

(സങ്കീ 86) കർത്താവേ, ചെവിചായിക്കണമേ; എനിക്കുത്തരമരുളണമേ; ഞാൻ അഗതിയും നിസ്സഹായനുമാകുന്നു.

(കാനോനാ) മിശിഹായേ, നീ അനുതാപികളെ സ്നേഹിക്കുന്നു; ഞങ്ങളുടെ പ്രാർഥനയ്ക്ക് വാതിൽ തുറക്കണമേ; ഞങ്ങളുടെ അപേക്ഷ സ്വീകരിക്കണമേ.

അങ്ങു നല്ലവനാകുന്നുവല്ലോ; എന്റെ ആത്മാവിനെ കാത്തുരക്ഷിക്കണമേ.

ദൈവമേ, അങ്ങേ ദാസനെ രക്ഷിക്കണമേ; അവന്റെ പ്രത്യാശ അങ്ങിലാണല്ലോ.

കർത്താവേ, എന്നോടു കരുണതോന്നണമേ; എന്നെന്നും ഞാൻ അങ്ങയെ വിളിക്കുന്നു.

അങ്ങേ ദാസന്റെ ആത്മാവിനെ ആനന്ദിപ്പിക്കണമേ; എന്റെ ആത്മാവിനെ ഞാൻ അങ്ങേ പക്കലേക്കുയർത്തുന്നു.

എന്തുകൊണ്ടെന്നാൽ അങ്ങു നല്ലവനാണല്ലോ; അങ്ങയെ വിളിച്ചപേക്ഷിക്കുന്നവരിൽ അങ്ങേ കൃപാവരം സമൃദ്ധമാണ്.

കർത്താവേ, എന്റെ പ്രാർഥന ചെവിക്കൊള്ളണമേ; എന്റെ നിലവിളിയുടെ സ്വരം കേൾക്കണമേ.

ഞെരുക്കകാലത്തു ഞാൻ അങ്ങയെ വിളിച്ചു; അങ്ങ് എനിക്ക് ഉത്തരമരുളി.

എന്റെ ദൈവമായ കർത്താവേ, അങ്ങേക്കു തുല്യനായി ആരുമില്ല; അങ്ങേ പ്രവൃത്തികൾ അതുല്യമാണല്ലോ.

കർത്താവേ, അങ്ങു സൃഷ്ടിച്ച എല്ലാ ജനതകളും അങ്ങയെ ആരാധിക്കും; അങ്ങേ നാമം സ്തുതിക്കും.

എന്തുകൊണ്ടെന്നാൽ അങ്ങു വലിയവനാകുന്നു; അങ്ങ് അദ്ഭുതങ്ങൾ പ്രവർത്തിക്കുന്നു; അങ്ങു മാത്രമാകുന്നു ദൈവം.

കർത്താവേ, അങ്ങേ വഴി എന്നെ കാണിക്കണമേ; സത്യമാർഗത്തിൽ ഞാൻ ചരിക്കട്ടെ.

തിരുനാമത്തെ ഭയപ്പെടുന്നവരിൽ എന്റെ ഹൃദയം ആനന്ദിക്കുന്നു.

എന്റെ ദൈവമായ കർത്താവേ, പൂർണഹൃദയത്തോടെ ഞാൻ അങ്ങയെ പുകഴ്ത്തും; അങ്ങേ നാമം എന്നും സ്തുതിക്കും.

അങ്ങേ കൃപ എന്നിൽ വർധിച്ചിരിക്കുന്നു; ശീയോലിൽനിന്ന് അങ്ങ് എന്നെ വീണ്ടെടുത്തു.

ദൈവമേ, ദുഷ്ടന്മാർ എനിക്കെതിരായി നിരന്നു; ശക്തരുടെ സമൂഹം എന്റെ ജീവനെ തേടി; അങ്ങയെ അവർ ഓർത്തില്ല.

കർത്താവായ ദൈവമേ, അങ്ങു കാരുണ്യവാനും ദയാനിധിയും ശാന്തശീലനുമാണ്; അങ്ങയിൽ കൃപയും നീതിയും നിറഞ്ഞിരിക്കുന്നു.

കർത്താവേ, എന്നിലേക്കു തിരിയണമേ; എന്നോടു കരുണ കാണിക്കണമേ.

അങ്ങേ ദാസനു ശക്തി നല്കണമേ; ദാസിയുടെ പുത്രനെ സംരക്ഷിക്കണമേ.

കർത്താവേ, അങ്ങ് എന്നെ സഹായിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യണമേ.

നന്മയുടെ അടയാളം അങ്ങ് എന്നിൽ പതിക്കണമേ; എന്റെ വിരോധികൾ അതുകണ്ടു ലജ്ജിക്കട്ടെ.

(കാനോനാ) മിശിഹായേ, നീ അനുതാപികളെ സ്നേഹിക്കുന്നു; ഞങ്ങളുടെ പ്രാർഥനയ്ക്ക് വാതിൽ തുറക്കണമേ; ഞങ്ങളുടെ അപേക്ഷ സ്വീകരിക്കണമേ.

(സങ്കീ 87) കർത്താവിന്റെ ആലയത്തിന്റെ അടിസ്ഥാനങ്ങൾ അവിടത്തെ വിശുദ്ധഗിരിയിലാകുന്നു.

(കാനോനാ) എല്ലാ തലമുറകളെയും പാലിക്കുന്ന സ്രഷ്ടാവായ ദൈവം ആരാധ്യനാകുന്നു.

യാക്കോബിന്റെ കൂടാരങ്ങളെക്കാൾ സെഹിയോന്റെ കവാടങ്ങൾ കർത്താവ് ഇഷ്ടപ്പെടുന്നു;

ദൈവത്തിന്റെ നഗരമേ, നിന്നെപ്പറ്റി മഹത്തായ കാര്യങ്ങൾ അരുൾചെയ്തിരിക്കുന്നു.

എനിക്കു പരിചിതമായ റാഹാബിനെയും ബാബേലിനെയും അവിടന്ന് അനുസ്മരിക്കും.

പ്ലശ്ത്ത്, സോർ, കൂശായ നിവാസികളേ, ഇതാ! അവൻ അവിടെ ജാതനായി.

സെഹിയോനെപ്പറ്റി പറയപ്പെടും; ധീരനായവൻ അവിടെ ജനിച്ചിരിക്കുന്നു; അവനാണ് അത് സ്ഥാപിച്ചത്.

കർത്താവു തന്റെ ജനത്തിനുവേണ്ടിയുള്ള പുസ്തകത്തിൽ അവൻ അവിടെ ജനിച്ചുവെന്നു രേഖപ്പെടുത്തും.

നിന്നിൽ നിവസിക്കുന്ന പ്രഭുക്കളും പാവപ്പെട്ടവരും ഒരുമിച്ചു സന്തോഷിക്കുകയും ചെയ്യും.

(കാനോനാ) എല്ലാ തലമുറകളെയും പാലിക്കുന്ന സ്രഷ്ടാവായ ദൈവം ആരാധ്യനാകുന്നു.

(സങ്കീ 88) എന്റെ രക്ഷയും ദൈവവുമായ കർത്താവേ, രാവും പകലും ഞാൻ തിരുസന്നിധിയിൽ നിലവിളിക്കുന്നു.

(കാനോനാ) കാരുണ്യവാനേ, അങ്ങു ഞങ്ങളുടെ സ്രഷ്ടാവാകുന്നു; അങ്ങയുടെ കൃപയാൽ ഞങ്ങളിൽ കനിയണമേ.

എന്റെ പ്രാർഥന തിരുസന്നിധിയിൽ പ്രവേശിക്കട്ടെ; എന്റെ യാചനയ്ക്കു ചെവിചായ്ക്കണമേ.

എന്തുകൊണ്ടെന്നാൽ എന്റെ ആത്മാവ് ദുരിതത്തിൽ മുഴുകിയിരിക്കുന്നു; എന്റെ ജീവൻ ശീയോൽവരെ എത്തിയിരിക്കുന്നു.

മരണഗർത്തത്തിൽ നിപതിക്കുന്നവരോടൊപ്പം ഞാൻ എണ്ണപ്പെട്ടിരിക്കുന്നു; ഞാൻ നിസ്സഹായനായ മനുഷ്യനെപ്പോലെയായി.

മരിച്ചവരെപ്പോലെ ഞാൻ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു; ശവകുടീരങ്ങളിൽ കിടക്കുന്ന വധിക്കപ്പെട്ടവർക്കു തുല്യനായി.

അങ്ങ് അവരെ ഓർക്കുന്നില്ല; അങ്ങേ കരങ്ങളിൽനിന്ന് അവർ വിട്ടുപോയി.

ആഴത്തിന്റെ അടിത്തട്ടിലേക്കും അന്ധകാരത്തിലേക്കും മരണത്തിന്റെ നിഴലിലേക്കും അങ്ങ് എന്നെ താഴ്ത്തി.

അങ്ങേ കോപം എന്റെമേൽ ജ്വലിച്ചു; അങ്ങേ അലകളെല്ലാം എന്റെമേൽ ആഞ്ഞടിച്ചു.

എന്റെ പരിചിതരെ അങ്ങു ദൂരെയകറ്റി; അങ്ങ് എന്നെ അവർക്കൊരു നിന്ദാപാത്രമാക്കി.

ഞാൻ ബന്ധനസ്ഥനായിത്തീർന്നു; പുറത്തിറങ്ങാൻ എനിക്കു കഴിയുന്നില്ല; ദുഃഖഭാരത്താൽ എന്റെ കണ്ണുമങ്ങി.

കർത്താവേ, എല്ലാദിവസവും ഞാൻ അങ്ങയെ വിളിക്കുന്നു; അങ്ങേ പക്കലേക്കു ഞാൻ കൈകളുയർത്തുന്നു.

മരിച്ചവർക്കുവേണ്ടി അങ്ങ് അദ്ഭുതങ്ങൾ ചെയ്യും; ശക്തന്മാർ എഴുന്നേറ്റ് അങ്ങയെ സ്തുതിക്കും.

കബറിടത്തിലുള്ളവർ അങ്ങേ കൃപ പ്രകീർത്തിക്കും; വിനാശത്തിൽ അങ്ങേ വിശ്വസ്തതയും.

അങ്ങേ അദ്ഭുതം അന്ധകാരത്തിൽ അറിയപ്പെടും; മറവിയുടെ നാട്ടിൽ നീതി വെളിപ്പെടും.

കർത്താവേ, ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു; പ്രഭാതത്തിൽ എന്റെ പ്രാർഥന അങ്ങേ പക്കലെത്തട്ടെ.

കർത്താവേ, അങ്ങ് എന്നെ മറക്കരുതേ; എന്നിൽനിന്നു മുഖം തിരിക്കരുതേ.

ബാല്യംമുതൽ ഞാൻ അവശനും നിഹായനുമാകുന്നു; ഞാൻ ഉയർത്തപ്പെടുകയും താഴ്ത്തപ്പെടുകയും ചെയ്തു; ഞാൻ പരിഭ്രാന്തനായിരിക്കുന്നു.

അങ്ങേ കോപം എന്നിൽ ആഞ്ഞുപതിച്ചു; അങ്ങേ ക്ഷോഭം എന്നെ നിശ്ശബ്ദനാക്കി.

ദിവസം മുഴുവൻ വെള്ളംപോലെ അവരെന്നെ വലയം ചെയ്തു; എനിക്കെതിരായി അവർ ഒന്നുചേർന്നു.

സ്നേഹിതരെയും അയല്ക്കാരെയും അങ്ങ് അകറ്റിക്കളഞ്ഞു; എന്റെ പരിചിതരെയെല്ലാം ദൂരെയാക്കി.

(കാനോനാ) കാരുണ്യവാനേ, അങ്ങു ഞങ്ങളുടെ സ്രഷ്ടാവാകുന്നു; അങ്ങയുടെ കൃപയാൽ ഞങ്ങളിൽ കനിയണമേ.

(സങ്കീ 89) കർത്താവിന്റെ കൃപ ഞാൻ എന്നും പ്രകീർത്തിക്കും; അവിടത്തെ വിശ്വസ്തത തലമുറതോറും ഞാൻ വിവരിക്കും.

(കാനോനാ) ദൈവം അബ്രാഹമിനും ദാവീദിനും നല്ല കാര്യങ്ങൾ വാഗ്ദാനം ചെയ്തു; നമ്മുടെ കാലത്ത് മിശിഹാവഴി പ്രവൃത്തികളിലൂടെ അവ പൂർത്തിയാക്കി; അവിടത്തേക്കു സ്തുതിയുണ്ടാകട്ടെ!

അങ്ങേ കൃപയാൽ ലോകം സൃഷ്ടിതമായെന്നും വിശ്വസ്തത സ്വർഗത്തിൽ സുസ്ഥിരമാണെന്നും അങ്ങു പറഞ്ഞു.

അവിടന്ന് അരുൾചെയ്തിരിക്കുന്നു: തിരഞ്ഞെടുക്കപ്പെട്ടവനോടു ഞാൻ ഉടമ്പടി ചെയ്തു; ദാസനായ ദാവീദിനോടു ശപഥം ചെയ്തു.

നിന്റെ സന്തതിയെ ഞാൻ എന്നെന്നും നിലനിറുത്തും; നിന്റെ സിംഹാസനം ഞാൻ തലമുറതോറും പണിതുയർത്തും.

കർത്താവേ, ആകാശം അങ്ങേ അദ്ഭുതങ്ങൾ പ്രകീർത്തിക്കട്ടെ; വിശുദ്ധരുടെ സമൂഹം അങ്ങേ വിശ്വസ്തതയും.

കർത്താവിനു തുല്യനായി ഉന്നതത്തിൽ ആരുണ്ട്? വാനദൂതരിൽ അങ്ങേക്കു സദൃശനായി ആരാണുള്ളത്?

വിശുദ്ധരുടെ സമൂഹത്തിൽ ദൈവം സന്നിഹിതനാണ്; ചുറ്റുമുള്ള എല്ലാവരെയുംകാൾ ഉന്നതനും ഭീതിദനുമാണ്.

കർത്താവേ, ശക്തനായ ദൈവമേ, അങ്ങയെപ്പോലെ ബലവാനായി ആരാണുള്ളത്? അങ്ങേ വിശ്വസ്തത അങ്ങയുടെ ചുറ്റും.

ഇളകിമറിയുന്ന കടലിനെ അങ്ങ് അടക്കിവാഴുന്നു; അലറിവരുന്ന തിരമാലകളെ അങ്ങു നിശ്ശബ്ദമാക്കുന്നു.

കൊല്ലപ്പെട്ടവർക്കുതുല്യം അഹങ്കാരികളെ അങ്ങു വിനീതരാക്കുന്നു; അങ്ങേ ഭുജബലത്താൽ വൈരിവൃന്ദത്തെ ചിതറിക്കുന്നു.

ആകാശവും ഭൂമിയും അങ്ങയുടേതാകുന്നു; ലോകവും അതിലുള്ള സമസ്തവും അങ്ങു സ്ഥാപിച്ചു.

വടക്കും തെക്കും അങ്ങു സൃഷ്ടിച്ചിരിക്കുന്നു; താബോറും ഹെർമോനും അങ്ങേ നാമം സ്തുതിക്കുന്നു.

ശക്തിയും ശേഷിയും അങ്ങയുടേതാണ്; അങ്ങേ കരം പ്രബലമാണ്; അങ്ങേ വലംകൈ വിജയിച്ചിരിക്കുന്നു.

നീതിയിലും ന്യായത്തിലും അങ്ങേ സിംഹാസനം ഉറപ്പിച്ചിരിക്കുന്നു; കൃപയും സത്യവും തിരുസന്നിധിയിലുണ്ട്.

അങ്ങയുടെ മഹത്ത്വം അറിയുന്ന ജനം ഭാഗ്യവാന്മാർ; അങ്ങേ മുഖകാന്തിയിൽ അവർ വ്യാപരിക്കുന്നു.

തിരുനാമത്തിൽ അവർ എന്നും ആനന്ദിക്കുന്നു; അങ്ങേ നീതിയാൽ അവർ ഉയർത്തപ്പെടുന്നു.

ഞങ്ങളുടെ ശക്തിയും മഹത്ത്വവും അങ്ങാണല്ലോ; അങ്ങയുടെ ഇഷ്ടം ഞങ്ങളെ വിജയിപ്പിക്കുന്നു.

കർത്താവു നമ്മുടെ ആശ്രയമാകുന്നു; ഇസ്രായേലിന്റെ പരിശുദ്ധൻ നമ്മുടെ രാജാവും.

ഒരിക്കൽ അവിടന്ന് തന്റെ നീതിമാന്മാരോട് ദർശനത്തിൽ സംസാരിച്ചു.

ഒരു മനുഷ്യനെ ഞാൻ സഹായിച്ചു; ജനത്തിൽനിന്ന് തിരഞ്ഞെടുത്തുയർത്തി.

എന്റെ ദാസനായ ദാവീദിനെ ഞാൻ കണ്ടെത്തി; വിശുദ്ധിയുടെ തൈലത്താൽ അവനെ അഭിഷേചിച്ചു.

എന്റെ കരം അവനു സഹായമേകി; എന്റെ ഭുജം അവനെ ശക്തിപ്പെടുത്തി.

അവന്റെ ശത്രു ഒന്നും നേടിയില്ല; ദുഷ്ടർ അവനെ കീഴ്പ്പെടുത്തിയില്ല.

അവന്റെ മുമ്പിൽ ശത്രുക്കളെ ഞാൻ നശിപ്പിക്കും; എതിരാളികളെ ഞാൻ തകർക്കും.

എന്റെ വിശ്വസ്തതയും കൃപയും അവനോടൊത്താണ്; എന്റെ നാമത്തിൽ അവൻ വിജയം വരിക്കും.

അവന്റെ കരം സമുദ്രത്തിന്മേലും വലത്തുകരം നദികളുടെ മേലും ഞാൻ വയ്ക്കും.

അവൻ ഉദ്ഘോഷിക്കും: അങ്ങാണ് എന്റെ പിതാവ്; എന്റെ ദൈവവും ബലവാനായ രക്ഷകനും അങ്ങുതന്നെ.

ഞാൻ അവനെ എന്റെ ആദ്യജാതനാക്കും; ഭൂമിയിലെ രാജാക്കന്മാരിൽ ഏറ്റവും സമുന്നതനാക്കും.

അവനോടു ഞാൻ എന്നെന്നും കൃപ കാണിക്കും; എന്റെ ഉടമ്പടി ഞാൻ അഭംഗുരം പാലിക്കും.

അവന്റെ സന്തതിയെ ഞാൻ നിത്യമായി നിലനിറുത്തും; അവന്റെ സിംഹാസനം സ്വർഗത്തിലെ ദിവസങ്ങൾപോലെയും.

അവന്റെ മക്കൾ എന്റെ പ്രമാണം മറക്കുകയും എന്റെ കല്പന ലംഘിക്കുകയും ചെയ്താൽ അവരുടെ ദുഷ്ടതയെ ദണ്ഡുകൊണ്ടും അകൃത്യങ്ങളെ പ്രഹാരംകൊണ്ടും ഞാൻ ശിക്ഷിക്കും.

എങ്കിലും ഞാൻ എന്റെ കൃപ പിൻവലിക്കുകയില്ല; എന്റെ വിശ്വസ്തത മാറ്റുകയുമില്ല.

എന്റെ ഉടമ്പടി ഞാൻ ഉപേക്ഷിക്കുകയില്ല; എന്റെ വാക്കുകളിൽ മാറ്റം വരുത്തുകയില്ല.

എന്റെ പരിശുദ്ധിയിൽ ദാവീദിനു ഞാൻ ഒരുനാൾ വാക്കു നല്കി; ഞാൻ വിശ്വാസവഞ്ചന ചെയ്യുകയില്ല.

അവന്റെ വംശം എന്നെന്നും നിലനില്ക്കും; സിംഹാസനം സൂര്യനെപ്പോലെയും വിശ്വസ്തസാക്ഷിയായ ചന്ദ്രനെപ്പോലെയും എന്റെ മുമ്പിൽ സുസ്ഥിരമായിരിക്കും.

എങ്കിലും അങ്ങ് എന്നെ മറന്നുപോയി; എന്നെ തിരസ്കരിച്ചു; അങ്ങേ അഭിഷിക്തനിൽനിന്നു മുഖംതിരിച്ചു.

അങ്ങേ ദാസനോടുള്ള ഉടമ്പടി തള്ളിക്കളഞ്ഞു; അവന്റെ കിരീടം നിലത്തെറിഞ്ഞു.

അവന്റെ മതിലുകൾ ഇടിച്ചുവീഴ്ത്തി; കോട്ടകളെല്ലാം തട്ടിത്തകർത്തു.

വഴിപോക്കരെല്ലാം അവനെ ചവിട്ടി; അയല്ക്കാർ അവനെ പരിഹസിച്ചു.

അവന്റെ ശത്രുക്കളെ നീ ശക്തിപ്പെടുത്തി; വിദ്വേഷികൾക്കെല്ലാം ആനന്ദമേകി.

അവന്റെ വാളിന്റെ സഹായം നീ പിൻവലിച്ചു; യുദ്ധക്കളത്തിൽ തുണ നല്കിയില്ല.

അവനെ വിജയിപ്പിക്കുന്നവരെ അങ്ങ് ഇല്ലാതാക്കി; അവന്റെ സിംഹാസനം മറിച്ചിട്ടു.

അവന്റെ യൗവനനാളുകൾ വെട്ടിച്ചുരുക്കി; അപമാനത്താൽ അവനെ പൊതിഞ്ഞു.

കർത്താവേ, എത്രനാൾ അങ്ങു കോപിച്ചിരിക്കും? എന്നേക്കും അങ്ങേ കോപം കത്തിജ്വലിക്കുമോ?

ഞാൻ ധൂളി മാത്രമാണെന്നോർക്കണമേ; മനുഷ്യൻ വ്യർഥതയ്ക്കടിമയാണെന്ന് അനുസ്മരിക്കണമേ.

മരണമടയാതെ ജീവിക്കുകയും ശീയോലിന്റെ പിടിയിൽ നിന്നു സ്വയം രക്ഷിക്കുകയും ചെയ്യുന്ന മനുഷ്യൻ ആരുണ്ട്?

കർത്താവേ, വിശ്വസ്തതയിൽ അങ്ങു ദാവീദിനു വാഗ്ദാനം ചെയ്ത അങ്ങേ പൂർവകാലനന്മകൾ എവിടെയാണ്?

കർത്താവേ, നിന്റെ ദാസന്റെ അപമാനം നീ ഓർക്കണമേ; ജനതകളുടെ ആക്ഷേപം ഞാൻ സദാ സഹിക്കുന്നു.

കർത്താവേ, അങ്ങേ ശത്രുക്കൾ എന്നെ ദ്വേഷിക്കുന്നു; അങ്ങേ അഭിഷിക്തന്റെ കാലടികളെ നിന്ദിക്കുന്നു.

കർത്താവ് എന്നേക്കും വാഴ്ത്തപ്പെട്ടവനാകട്ടെ! ആമേൻ, ആമേൻ.

(കാനോനാ) ദൈവം അബ്രാഹമിനും ദാവീദിനും നല്ല കാര്യങ്ങൾ വാഗ്ദാനം ചെയ്തു; നമ്മുടെ കാലത്ത് മിശിഹാവഴി പ്രവൃത്തികളിലൂടെ അവ പൂർത്തിയാക്കി; അവിടത്തേക്കു സ്തുതിയുണ്ടാകട്ടെ!

(സങ്കീ 90) കർത്താവേ, എല്ലാ തലമുറകളിലും അങ്ങു ഞങ്ങളുടെ വാസഗേഹമാകുന്നു.

(കാനോനാ) സർവശക്തനായ ഞങ്ങളുടെ പരിപാലകാ, പാപികളായ ഞങ്ങളിൽ കനിയണമേ.

പർവതങ്ങൾ ഉരുവാകുന്നതിനും ഭൂമി രൂപപ്പെടുന്നതിനും പ്രപഞ്ചം സംവിധാനം ചെയ്യപ്പെടുന്നതിനുംമുമ്പേ അനാദിമുതൽ എന്നേക്കും അങ്ങു ദൈവമാകുന്നു.

അങ്ങു മനുഷ്യനെ താഴ്ന്നനിലയിലേക്കു പിന്തിരിപ്പിക്കുന്നു: അനുതപിക്കുവിൻ എന്ന് അങ്ങു കല്പിക്കുന്നു.

അങ്ങയുടെ ദൃഷ്ടിയിൽ ആയിരം വത്സരങ്ങൾ അസ്തമിച്ചൊരു ദിവസംപോലെയും രാത്രിയുടെ ഒരു യാമംപോലെയുമാകുന്നു.

പുലരിയിൽ പൂവിടുന്ന പുല്ലിന്റേതുപോലെ മനുഷ്യന്റെ ജീവിതകാലം ക്ഷണികമാകുന്നു.

രാവിലെ അതു മുളച്ചുയരുന്നു; സായാഹ്നത്തിൽ വാടിക്കരിയുന്നു.

അങ്ങേ കോപത്താൽ ഞങ്ങൾ ക്ഷയിക്കുന്നു; അങ്ങേ ക്രോധത്താൽ പരിഭ്രാന്തരാകുന്നു.

ഞങ്ങളുടെ പാപങ്ങളെല്ലാം അങ്ങു കണ്ടുകൊണ്ടിരിക്കുന്നു; അങ്ങേ മുഖശോഭയാൽ ഞങ്ങൾക്കു യുവത്വം നല്കണമേ.

അങ്ങേ ക്രോധാഗ്നിയിൽ ദിനങ്ങളെല്ലാം കൊഴിഞ്ഞുപോയി; ഞങ്ങളുടെ വത്സരങ്ങൾ ചിലന്തിവലപോലെ ഇല്ലാതായി.

ഞങ്ങളുടെ ആയുസ്സ് എഴുപതു വത്സരമാണല്ലോ; കൂടിയാൽ എൺപതോളം നീളാം; അതിൽ ഏറിയഭാഗവും ഞെരുക്കവും ദുഃഖവും മാത്രം.

എന്തുകൊണ്ടെന്നാൽ ഞങ്ങൾ താഴ്ത്തപ്പെട്ടിരിക്കുന്നു; ക്ലേശത്താൽ വലയുന്നു.

അങ്ങേ കോപത്തിന്റെ ഉഗ്രതയും ക്രോധത്തിന്റെ ഭീകരതയും ആരറിയുന്നു?

ഹൃദയവിജ്ഞാനം പ്രാപിക്കുന്നതിന് ഞങ്ങളുടെ ദിവസങ്ങളുടെ എണ്ണം ഞങ്ങളെ അറിയിക്കണമേ.

കർത്താവേ, ഞങ്ങളിലേക്കു തിരിയണമേ; എത്രനാൾ അങ്ങേ ദാസരെ ആശ്വസിപ്പിക്കാതിരിക്കും?

പ്രഭാതവേളയിൽ, അങ്ങേ കൃപയാൽ ഞങ്ങളെ സംതൃപ്തരാക്കണമേ.

എല്ലാദിവസവും ഞങ്ങൾ അങ്ങയെ സ്തുതിക്കട്ടെ; ഞങ്ങളെല്ലാവരും സന്തോഷിക്കട്ടെ.

ഞങ്ങളുടെ ദുരിതം അവസാനിച്ചിരിക്കുന്നു; കഷ്ടതയുടെ നാളുകൾ കടന്നുപോയി; അതിനാൽ ഞങ്ങളെ സന്തോഷിപ്പിക്കണമേ.

അങ്ങേ പ്രവൃത്തികൾ അങ്ങയുടെ ദാസർക്കു ദൃശ്യമാകട്ടെ; അങ്ങേ പ്രതാപം അവരുടെ മക്കൾക്കും.

നമ്മുടെ ദൈവമായ കർത്താവിന്റെ സംപ്രീതി നമ്മോടൊത്തുണ്ടാകട്ടെ.

തന്റെ കരവേലയാൽ അവിടന്നു നമ്മെ സൃഷ്ടിച്ചു; കരബലത്താൽ നമ്മെ ഉറപ്പിച്ചു.

(കാനോനാ) സർവശക്തനായ ഞങ്ങളുടെ പരിപാലകാ, പാപികളായ ഞങ്ങളിൽ കനിയണമേ.

(സങ്കീ 91) അത്യുന്നതന്റെ സംരക്ഷണമുള്ളവനും ദൈവത്തിന്റെ തണലിൽ ജീവിക്കുന്നവനും ഭാഗ്യവാനാകുന്നു.

(കാനോനാ) മിശിഹായേ, നീയാകുന്നു എന്റെ ആശ്രയം; ഞാൻ ഒരിക്കലും ലജ്ജിക്കുകയില്ല.

എന്റെ ശരണവും സങ്കേതവും ഞാൻ ആശ്രയിക്കുന്ന ദൈവവും അങ്ങാകുന്നുവെന്ന് കർത്താവിനോടു പറയുക.

ഇടർച്ചയുടെ കെണിയിൽനിന്നും വ്യർഥസംഭാഷണത്തിൽ നിന്നും അവിടന്നു നിന്നെ രക്ഷിക്കും.

തന്റെ തൂവലുകൾകൊണ്ട് അവിടന്നു നിന്നെ ആവരണം ചെയ്യും.

തന്റെ ചിറകുകളുടെ കീഴിൽ അവിടന്നു നിനക്ക് അഭയം നല്കും.

അവിടത്തെ സത്യം നിന്റെ ചുറ്റും ആയുധമായിരിക്കും.

രാത്രിയുടെ ഭീകരതയും പകൽപറക്കുന്ന അസ്ത്രവും നീ ഭയപ്പെടേണ്ട.

ഇരുട്ടിൽ മുഴങ്ങുന്ന ശബ്ദവും മധ്യാഹ്നത്തിലടിക്കുന്ന കൊടുങ്കാറ്റും നീ ഒട്ടും പേടിക്കേണ്ട.

ആയിരങ്ങൾ നിന്റെ പാർശ്വഭാഗത്തു വീഴും; പതിനായിരങ്ങൾ നിന്റെ വലത്തുഭാഗത്തും; എങ്കിലും അവരാരും നിന്നെ സമീപിക്കുകയില്ല.

നീ അവരെയെല്ലാം കാണും; ദുഷ്ടർക്കുള്ള പ്രതിഫലം നീ ദർശിക്കും.

തന്റെ വാസസ്ഥലം ഉന്നതങ്ങളിൽ സ്ഥാപിച്ച കർത്താവ് എന്റെ ആശ്രയമാകുന്നു.

നിനക്കു തിന്മയൊന്നും വരുകയില്ല; ബാധ നിന്റെ കൂടാരത്തെ സമീപിക്കുകയില്ല.

വഴികളിൽ നിന്നെ സംരക്ഷിക്കുവാൻ അവിടന്നു തന്റെ മാലാകാമാരോടു കല്പിക്കും.

നിന്റെ പാദം കല്ലിന്മേൽ തട്ടാതെ കരങ്ങളിൽ നിന്നെ അവർ വഹിച്ചുകൊള്ളും.

സർപ്പത്തിന്റെയും അണലിയുടെയുംമേൽ നീ ചവിട്ടിനടക്കും; സിംഹത്തെയും പെരുമ്പാമ്പിനെയും നീ ചവിട്ടിമെതിക്കും.

എന്നോടു പ്രാർഥിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിക്കും; എന്റെ നാമം അറിഞ്ഞതുകൊണ്ട് ഞാൻ അവനെ ശക്തിപ്പെടുത്തും.

എന്നെ വിളിച്ചപേക്ഷിക്കുമ്പോൾ ഞാൻ അവന് ഉത്തരമരുളും.

അവന്റെ സങ്കടകാലങ്ങളിലെല്ലാം ഞാൻ അവന്റെകൂടെയുണ്ടായിരിക്കും.

ശക്തിയും ബഹുമാനവും അവനു ഞാൻ നല്കും; ദീർഘായുസ്സു നല്കിക്കൊണ്ട് അവനെ ഞാൻ തൃപ്തനാക്കും.

രക്ഷിക്കുവാനുള്ള എന്റെ കഴിവ് അവനെ കാണിക്കുകയും ചെയ്യും.

(കാനോനാ) മിശിഹായേ, നീയാകുന്നു എന്റെ ആശ്രയം; ഞാൻ ഒരിക്കലും ലജ്ജിക്കുകയില്ല.

(സങ്കീ92) കർത്താവിനെ സ്തുതിക്കുന്നത് ഉത്തമമാകുന്നു; അത്യുന്നതാ, അങ്ങേ നാമം പാടിപ്പുകഴ്ത്തുന്നതും.

(കാനോനാ) സകലത്തെയും ശക്തിപ്പെടുത്താൻ കഴിവുള്ള ബലവാനായ ദൈവമേ, അങ്ങയുടെ ആരാധകരെ സംരക്ഷിക്കണമേ.

പ്രഭാതത്തിൽ അങ്ങേ നന്മയും രാത്രിയിൽ അങ്ങേ വിശ്വസ്തതയും പ്രഘോഷിക്കുന്നത് ഉത്തമമാകുന്നു.

ഞാൻ പത്തുകമ്പിയുള്ള കിന്നരം മീട്ടുകയും വീണ വായിക്കുകയും ചെയ്യും.

കർത്താവേ, അങ്ങേ പ്രവൃത്തികൾ എന്നിൽ ആനന്ദം പകരുന്നു; അങ്ങേ കരവേലകൾ ഞാൻ പുകഴ്ത്തും.

കർത്താവേ, അങ്ങേ പ്രവൃത്തികൾ എത്ര ഉത്കൃഷ്ടമാകുന്നു; അങ്ങേ ചിന്തകൾ എത്ര അഗാധമാകുന്നു.

മൂഢനായ മനുഷ്യൻ അതറിയുന്നില്ല; ഭോഷന്മാർ അതു ഗ്രഹിക്കുന്നില്ല.

ദുഷ്ടന്മാർ പച്ചപ്പുല്ലുപോലെ മുളച്ചുയരുന്നു; തിന്മ ചെയ്യുന്നവർ തഴച്ചു വളരുന്നു; അവർ എന്നേക്കുമായി നശിക്കും.

കർത്താവേ, അങ്ങ് എന്നേക്കും ഉന്നതനാണ്; അങ്ങേ ശത്രുക്കൾ നശിച്ചുപോകും.

അങ്ങേ വൈരികൾ നിലംപതിക്കും; ദുഷ്കർമികൾ ചിതറിക്കപ്പെടും.

എന്നെ അങ്ങ് ഉയർത്തി; സുഗന്ധതൈലത്താൽ അഭിഷേചിച്ചു.

എന്റെ കണ്ണുകൾ ശത്രുക്കളെ കണ്ടു; കാതുകൾ എനിക്കെതിരേനില്ക്കുന്ന ദുഷ്ടരെ ശ്രവിച്ചു.

നീതിമാൻ പനപോലെ വളരും; ദൈവമായ കർത്താവിന്റെ ഭവനാങ്കണത്തിൽ നട്ടിരിക്കുന്ന ലെബനോനിലെ ദേവദാരുപോലെ പുഷ്പിക്കും.

അവ വീണ്ടും തളിർക്കും; പ്രായമേറിയാലും വളരും; പുഷ്ടിപ്പെടുകയും സുഗന്ധം വർഷിക്കുകയും ചെയ്യും.

കർത്താവു ധർമിഷ്ഠനാണെന്നും ശക്തനാണെന്നും അവനിൽ ദുഷ്ടതയില്ലെന്നും അവർ പ്രഘോഷിക്കും.

(കാനോനാ) സകലത്തെയും ശക്തിപ്പെടുത്താൻ കഴിവുള്ള ബലവാനായ ദൈവമേ, അങ്ങയുടെ ആരാധകരെ സംരക്ഷിക്കണമേ.

(സങ്കീ 93) കർത്താവു ഭരണം നടത്തുന്നു; അവിടന്നു പ്രതാപമണിഞ്ഞിരിക്കുന്നു; ശക്തിധരിച്ച് അവിടന്ന് പ്രബലനായിരിക്കുന്നു.

(കാനോനാ) ആരംഭമില്ലാത്തതും ഉന്നതങ്ങളിൽ സംപൂജ്യവുമായ അങ്ങയുടെ സത്തയെ ഞങ്ങളാരാധിക്കുന്നു; അങ്ങയുടെ സഭയെ കാത്തുരക്ഷിക്കണമേ.

അങ്ങു പ്രപഞ്ചം ഉറപ്പിച്ചുനിറുത്തി; അതിന് ഇളക്കമുണ്ടാവുകയില്ല.

അങ്ങേ സിംഹാസനം ആദിമുതൽ സുസ്ഥിരമായിരിക്കുന്നു; അങ്ങ് അനാദിമുതലുള്ള ദൈവമാണ്.

കർത്താവേ, പ്രവാഹങ്ങൾ ഉയരുന്നു; നദികൾ ആരവമുയർത്തുന്നു; ശുദ്ധമായി പൊങ്ങിയൊഴുകുന്നു.

പെരുവെള്ളത്തിന്റെ ആരവത്തെക്കാൾ കടലിലെ തിരമാലകൾ ശക്തമാണ്.

കർത്താവ് ഉന്നതങ്ങളിൽ പ്രകീർത്തിക്കപ്പെടുന്നു; അങ്ങയുടെ അനുശാസനങ്ങൾ എത്രയോ വിശ്വസനീയം.

കർത്താവേ, നിത്യകാലത്തോളം അങ്ങേ ഭവനത്തിന് പരിശുദ്ധി ഉചിതമാകുന്നു.

(കാനോനാ) ആരംഭമില്ലാത്തതും ഉന്നതങ്ങളിൽ സംപൂജ്യവുമായ അങ്ങയുടെ സത്തയെ ഞങ്ങളാരാധിക്കുന്നു; അങ്ങയുടെ സഭയെ കാത്തുരക്ഷിക്കണമേ.

(സങ്കീ 94) പകരം ചോദിക്കുന്ന ദൈവമായ കർത്താവേ, അങ്ങു പ്രത്യക്ഷനാകണമേ.

(കാനോനാ) കർത്താവേ, അങ്ങ് എല്ലാം അറിയുന്നവനും സർവശക്തനും ഏവരെയും വിധിക്കുന്നവനുമാകുന്നു; അങ്ങയെ വിളിച്ചപേക്ഷിക്കുന്ന ദാസരെ സംരക്ഷിക്കണമേ.

ഭൂതലത്തിന്റെ വിധികർത്താവേ, എഴുന്നേല്ക്കണമേ; അഹങ്കാരികൾക്കു തക്കശിക്ഷ കൊടുക്കണമേ.

കർത്താവേ, ദുഷ്ടന്മാർ എത്രനാൾ അഹങ്കരിക്കും? അവർ തിന്മ പറയുന്നു; അകൃത്യങ്ങളെപ്പറ്റി വാചാലരാകുന്നു.

കർത്താവേ, അങ്ങേ ജനത്തെ അവർ തരംതാഴ്ത്തുന്നു; അങ്ങേ അവകാശത്തെ കീഴ്പ്പെടുത്തുന്നു.

വിധവകളെയും പരദേശികളെയും അവർ വധിക്കുന്നു; അനാഥരെ അവർ ഹിംസിക്കുന്നു.

കർത്താവ് ഇതൊന്നും കാണുന്നില്ലെന്നും യാക്കോബിന്റെ ദൈവം ഗ്രഹിക്കുന്നില്ലെന്നും അവർ പറയുന്നു.

ഭോഷന്മാരേ, ചിന്തിച്ചുനോക്കുവിൻ; മൂഢന്മാരേ, എത്രനാൾ നിങ്ങൾ ഗ്രഹിക്കാതിരിക്കും?

കാതുതന്നവൻ കേൾക്കയില്ലെന്നോ? കണ്ണുതന്നവൻ കാണുകയില്ലെന്നോ?

ജനതകൾക്കു ശിക്ഷണം നല്കുന്നവൻ ശിക്ഷ നല്കുകയില്ലെന്നോ?

എല്ലാവർക്കും അറിവുപകരുന്നവന് ഒന്നും അറിഞ്ഞുകൂടെന്നോ?

മനുഷ്യരുടെ വിചാരങ്ങൾ കർത്താവ് അറിയുന്നു; എന്തുകൊണ്ടെന്നാൽ, അവർ പുകപോലെയാകുന്നു.

കർത്താവേ, അങ്ങു ശിക്ഷണം നല്കുന്നവനും അവിടന്നു നിയമം പഠിപ്പിക്കുന്നവനും ഭാഗ്യവാനാകുന്നു.

ദുഷ്ടർക്കുവേണ്ടി കുഴിതീർക്കുന്നതുവരെ, അനർഥദിനങ്ങളിൽനിന്ന് അങ്ങ് അവരെ വിമുക്തരാക്കും.

കർത്താവു തന്റെ ജനത്തെ കൈവിടുകയില്ല; തന്റെ അവകാശം പരിത്യജിക്കയില്ല.

ധർമിഷ്ഠൻ ന്യായപൂർവം വിധിക്കപ്പെടും; പരമാർഥഹൃദയർ അതിനു സ്വാഗതമോതും.

ദുഷ്ടർക്കെതിരായി എന്റെ കൂടെ ആരു നില്ക്കും? ദുഷ്കർമികൾക്കെതിരായി ആര് എന്നെ തുണയ്ക്കും?

കർത്താവ് എനിക്കു തുണയായിരുന്നില്ലെങ്കിൽ നിർഭാഗ്യനായി ഞാൻ വസിക്കുമായിരുന്നു.

എന്റെ കാലുവഴുതുന്നു എന്നു പറഞ്ഞപ്പോൾ കർത്താവേ, അങ്ങേ കൃപ എന്നെ താങ്ങി.

എന്റെ ഹൃദയത്തിന്റെ ആകുലതകൾ വർധിച്ചപ്പോൾ അങ്ങ് എന്നെ സമാശ്വസിപ്പിച്ചു; പ്രാണനു രക്ഷ നല്കി.

ദുഷ്ടതയുടെ ഇരിപ്പിടത്തിൽ വാഴുന്നവർക്ക് അങ്ങുമായി സഖ്യത്തിൽ ഏർപ്പെടാനാകുമോ?

നിയമംവഴി തിന്മ വിതയ്ക്കുന്നവർക്ക് അങ്ങയോടു ബന്ധം പുലർത്താനാകുമോ?

നീതിമാനെതിരായി അവർ വലവീശുന്നു; നിർദോഷിയെ കുറ്റംവിധിക്കുന്നു.

എന്നെ ശക്തിപ്പെടുത്തുന്നവൻ കർത്താവാകുന്നു; ബലവാനായ ദൈവം എന്റെ അഭയശിലയും.

അവരുടെ ദുഷ്കർമം അവരിലേക്കുതന്നെ തിരിക്കണമേ; ദുഷ്കർമികളെ തീർത്തും നിശ്ശബ്ദരാക്കണമേ.

ഞങ്ങളുടെ ദൈവമായ കർത്താവേ, അവരെ നിശ്ശബ്ദരാക്കണമേ.

(കാനോനാ) കർത്താവേ, അങ്ങ് എല്ലാം അറിയുന്നവനും സർവശക്തനും ഏവരെയും വിധിക്കുന്നവനുമാകുന്നു; അങ്ങയെ വിളിച്ചപേക്ഷിക്കുന്ന ദാസരെ സംരക്ഷിക്കണമേ.

(സങ്കീ 95) വരുവിൻ, നമുക്കു കർത്താവിനെ സ്തുതിക്കാം; രക്ഷകനായ നമ്മുടെ ദൈവത്തെ പാടിപ്പുകഴ്ത്താം.

(കാനോനാ) തെറ്റിൽനിന്നും തിന്മയിൽനിന്നും മരണത്തിൽനിന്നും കാരുണ്യപൂർവം കർത്താവു നമ്മെ രക്ഷിച്ചു; അവിടത്തെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യാം.

കൃതജ്ഞതാപൂർവം തിരുസന്നിധിയിലെത്താം; സങ്കീർത്തനങ്ങളാൽ അവിടത്തെ പാടിപ്പുകഴ്ത്താം.

എന്തുകൊണ്ടെന്നാൽ കർത്താവു മഹോന്നതദൈവമാണ്; സകലദേവന്മാരെക്കാൾ വലിയരാജാവുമാണ്.

ഭൂമിയുടെ അടിസ്ഥാനങ്ങളും ഗിരിശൃംഗങ്ങളും അവിടത്തെ കൈകളിലാണല്ലോ.

സമുദ്രം അവിടത്തേതാണ്; അവിടന്ന് അതിനു രൂപം നല്കി; തൃക്കരങ്ങൾ കരയെ മനഞ്ഞെടുത്തു.

വരുവിൻ, നമുക്ക് അവിടത്തെ കുമ്പിട്ടാരാധിക്കാം; നമ്മെ സൃഷ്ടിച്ച കർത്താവിനെ വാഴ്ത്താം; എന്തുകൊണ്ടെന്നാൽ അവിടുന്നാകുന്നു നമ്മുടെ ദൈവം.

അവിടത്തെ സ്വരം ശ്രവിക്കുമെങ്കിൽ നാം അവിടത്തെ ജനമാണ്; മേച്ചിൽപ്പുറത്തെ അജഗണവും.

അവിടത്തേക്ക് എതിരായി പിറുപിറുക്കരുതേ; മരുഭൂമിയിലെ പരീക്ഷണകാലത്തെന്നപോലെ നിങ്ങളുടെ ഹൃദയം കഠിനമാക്കരുതേ.

നിങ്ങളുടെ പിതാക്കന്മാർ എന്നെ പരീക്ഷിച്ചു; നാല്പതു സംവത്സരം എന്റെ പ്രവൃത്തികൾ പരീക്ഷിച്ചറിഞ്ഞു.

എനിക്ക് ആ തലമുറയോട് നീരസം തോന്നി; ഞാനിപ്രകാരം പറഞ്ഞു:

ഈ ജനം വഴിപിഴയ്ക്കുന്ന ഹൃദയമുള്ളവരാണ്; എന്റെ വഴികൾ അവർ അറിയുന്നില്ല.

കോപത്തിൽ ഞാൻ ശപഥം ചെയ്തു: എന്റെ വിശ്രമത്തിലേക്ക് അവർ പ്രവേശിക്കുകയില്ല.

(കാനോനാ) തെറ്റിൽനിന്നും തിന്മയിൽനിന്നും മരണത്തിൽനിന്നും കാരുണ്യപൂർവം കർത്താവു നമ്മെ രക്ഷിച്ചു; അവിടത്തെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യാം.

(സങ്കീ 96) കർത്താവിനു പുതിയ കീർത്തനം പാടുവിൻ; ഭൂമിമുഴുവൻ കർത്താവിനെ സ്തുതിക്കട്ടെ.

(കാനോനാ) സകലത്തിന്റെയും പരിത്രാതാവായ മിശിഹായേ, നിന്റെ ആഗമനം അനുഗൃഹീതമാകുന്നു; മാലാകാമാരോടുകൂടെ നിന്നെ സ്തുതിക്കാൻ നീ ഞങ്ങളെ യോഗ്യരാക്കി.

കർത്താവിനെ പ്രകീർത്തിക്കുവിൻ; തിരുനാമം വാഴ്ത്തിപ്പാടുവിൻ; അവിടത്തെ രക്ഷ പ്രതിദിനം പ്രഘോഷിക്കുവിൻ.

കർത്താവിന്റെ മഹത്ത്വം ജനതകളുടെ ഇടയിൽ വർണിക്കുവിൻ; അവിടത്തെ പ്രവൃത്തികൾ അറിയിക്കുവിൻ.

കർത്താവ് ഉന്നതനും അത്യന്തം സ്തുത്യർഹനുമാകുന്നു; സകലദേവന്മാരെയുംകാൾ ഭീതിദനുമാണ്.

ജനതകളുടെ ദേവന്മാർ വ്യാജമൂർത്തികളാകുന്നു; കർത്താവോ ആകാശത്തിന്റെ സ്രഷ്ടാവാണ്.

മഹത്ത്വവും തേജസ്സും തിരുസന്നിധിയിലാകുന്നു; ശക്തിയും സ്തുതിയും വിശുദ്ധമന്ദിരത്തിലും.

ജനപദങ്ങളേ, കർത്താവിനെ സ്തുതിക്കുവിൻ; അവിടുത്തേക്ക് ബഹുമാനമേകുവിൻ; തിരുനാമത്തിന് ആദരം നല്കുവിൻ.

കാഴ്ചകളുമായി അങ്കണത്തിൽ പ്രവേശിക്കുവിൻ; തിരുമുറ്റത്ത് അവിടത്തെ ആരാധിക്കുവിൻ.

ഭൂമിമുഴുവൻ തിരുസന്നിധിയിൽ വിറകൊള്ളുന്നു; കർത്താവു വാഴുന്നുവെന്ന് ജനതകളുടെ ഇടയിൽ പ്രഘോഷിക്കുവിൻ.

കർത്താവു ഭൂമിയെ ഇളകാതെ ഉറപ്പിച്ചുനിറുത്തി; അവിടന്നു ജനതകളെ ന്യായപൂർവം വിധിക്കും.

ആകാശം ആഹ്ലാദിക്കട്ടെ; ഭൂതലം ആനന്ദിക്കട്ടെ; സമുദ്രം അതിന്റെ നിറവിൽ ഉല്ലസിക്കട്ടെ; വയലും അതിലുള്ളവയും പുഷ്ടിപ്പെടട്ടെ.

ലോകത്തെ വിധിക്കാൻ വരുന്ന കർത്താവിന്റെ സന്നിധിയിൽ വനവൃക്ഷങ്ങൾ സ്തുതിപാടട്ടെ.

അവിടന്നു ലോകത്തെ നീതിയോടെയും ജനതകളെ വിശ്വസ്തതയോടെയും വിധിക്കും.

(കാനോനാ) സകലത്തിന്റെയും പരിത്രാതാവായ മിശിഹായേ, നിന്റെ ആഗമനം അനുഗൃഹീതമാകുന്നു; മാലാകാമാരോടുകൂടെ നിന്നെ സ്തുതിക്കുവാൻ നീ ഞങ്ങളെ യോഗ്യരാക്കി.

(സങ്കീ 97) കർത്താവു ഭരണം നടത്തുന്നു; ഭൂമി ആനന്ദിക്കട്ടെ; ദ്വീപസമൂഹങ്ങൾ സന്തോഷിക്കട്ടെ.

(കാനോനാ) സഭയേ, നിന്നെ നവീകരിക്കുകയും നിന്റെ താഴ്മയെ മഹത്ത്വപ്പെടുത്തുകയുംചെയ്ത നാഥനു സ്തുതിപാടുക; സ്വർഗാരോഹണത്താൽ അവൻ ഏവരേയും ആനന്ദിപ്പിച്ചു.

മേഘപടലങ്ങൾ അവിടത്തെ ചുറ്റുമുണ്ട്; നീതിയിലും ന്യായത്തിലും അവിടന്നു തന്റെ സിംഹാസനം സ്ഥാപിച്ചിരിക്കുന്നു.

തിരുമുമ്പിൽ അഗ്നി ജ്വലിക്കുന്നു; വൈരികളെ അതു ദഹിപ്പിക്കുന്നു.

മിന്നൽപ്പിണറുകൾ ലോകത്തെ പ്രകാശിപ്പിക്കുന്നു; ഭൂമി അതു കണ്ടു വിറകൊള്ളുന്നു.

ഭൂമി മുഴുവന്റെയും അധിപനായ കർത്താവിന്റെ മുമ്പിൽ മലകൾ മെഴുകുപോലെ ഉരുകുന്നു.

ആകാശം ദൈവനീതി പ്രഘോഷിക്കുന്നു; ജനതകളെല്ലാം ദിവ്യമഹത്ത്വം ദർശിക്കുന്നു.

ബിംബാരാധകരും വിഗ്രഹസേവകരും ലജ്ജിക്കട്ടെ; മാലാകാമാരെല്ലാം അവിടത്തെ ആരാധിക്കട്ടെ.

കർത്താവേ, അങ്ങേ ന്യായവിധികൾകേട്ട് സെഹിയോൻ സന്തോഷിക്കട്ടെ; യൂദായുടെ പുത്രിമാർ ആനന്ദിക്കട്ടെ.

എന്തുകൊണ്ടെന്നാൽ അങ്ങു ഭൂമിയേക്കാൾ ഉന്നതനാകുന്നു; സർവദേവന്മാരെക്കാൾ ഉത്കൃഷ്ടനുമാകുന്നു.

കർത്താവിന്റെ സ്നേഹിതർ തിന്മയെ ദ്വേഷിക്കുന്നു; തന്റെ നീതിമാന്മാരുടെ ആത്മാക്കളെ അവിടന്ന് പരിപാലിക്കുന്നു; ദുഷ്ടരുടെ കരങ്ങളിൽനിന്ന് അവരെ കാത്തുരക്ഷിക്കുന്നു.

നീതിമാന്മാർക്കു പ്രകാശമുദിച്ചു; പരമാർഥഹൃദയർക്ക് ആഹ്ലാദമുണ്ടായി.

നീതിമാന്മാരേ, നിങ്ങൾ കർത്താവിൽ ആനന്ദിക്കുവിൻ; അവിടത്തെ പരിശുദ്ധി പ്രകീർത്തിക്കുവിൻ.

(കാനോനാ) സഭയേ, നിന്നെ നവീകരിക്കുകയും നിന്റെ താഴ്മയെ മഹത്ത്വപ്പെടുത്തുകയുംചെയ്ത നാഥനു സ്തുതിപാടുക; സ്വർഗാരോഹണത്താൽ അവൻ ഏവരേയും ആനന്ദിപ്പിച്ചു.

(സങ്കീ 98) കർത്താവിനു പുതിയ കീർത്തനം പാടുവിൻ; എന്തുകൊണ്ടെന്നാൽ അവിടന്ന് അദ്ഭുതം ചെയ്തിരിക്കുന്നു.

(കാനോനാ) യോഹന്നാനിൽനിന്നു മാമോദീസാ സ്വീകരിക്കാൻ യോർദാനിൽ ഇറങ്ങിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു; അവൻ തന്റെ മാമോദീസായാൽ എല്ലാവരെയും മോചിച്ചു.

അവിടത്തെ വലത്തുകരവും വിശുദ്ധഭുജവും അവരെ രക്ഷിച്ചിരിക്കുന്നു.

കർത്താവു തന്റെ രക്ഷ കാണിച്ചിരിക്കുന്നു; ജനതകളുടെ മുമ്പാകെ നീതി വെളിപ്പെടുത്തിയിരിക്കുന്നു.

ഇസ്രായേൽഭവനത്തോടുള്ള കൃപയും വിശ്വസ്തതയും അവിടന്ന് അനുസ്മരിച്ചു.

നമ്മുടെ ദൈവത്തിന്റെ രക്ഷ ഭൂതലം മുഴുവൻ ദർശിച്ചിരിക്കുന്നു.

ഭൂവാസികളേ, കർത്താവിനെ സ്തുതിക്കുവിൻ; ആഹ്ലാദിക്കുവിൻ, ആലപിക്കുവിൻ, പുകഴ്ത്തുവിൻ.

കിന്നരംമീട്ടി കർത്താവിനെ കീർത്തിക്കുവിൻ; വാദ്യഘോഷത്തോടെ സ്തുതിക്കുവിൻ; കാഹളംമുഴക്കി രാജാവായ കർത്താവിനെ വാഴ്ത്തുവിൻ.

സമുദ്രം അതിന്റെ നിറവിൽ ഇളകിമറിയട്ടെ; ഭൂമിയും അതിലെ നിവാസികളും ആഹ്ലാദിക്കട്ടെ.

കർത്താവിന്റെ സന്നിധിയിൽ കാട്ടാറുകൾ കൈയടിക്കട്ടെ; പർവതങ്ങൾ സ്തുതിപാടട്ടെ.

അവിടന്നു ഭൂമിയെ വിധിക്കാൻ വരുന്നു; ലോകത്തെ ന്യായത്തോടെയും ജനതകളെ നീതിയോടെയും വിധിക്കാനണയുന്നു.

(കാനോനാ) യോഹന്നാനിൽനിന്നു മാമോദീസാ സ്വീകരിക്കാൻ യോർദാനിൽ ഇറങ്ങിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു; അവൻ തന്റെ മാമോദീസായാൽ എല്ലാവരെയും മോചിച്ചു.

(സങ്കീ 99) കർത്താവു രാജാവായി വാഴുന്നു; ജനതകളെല്ലാം വിറകൊള്ളുന്നു.

(കാനോനാ) ഞങ്ങളുടെ രക്ഷകാ, അങ്ങയുടെ ശക്തിപോലെ വേറൊന്നില്ല; വിശുദ്ധശ്ലീഹന്മാരെ അങ്ങു ദൈവാത്മാവിനാൽ നിറച്ചു.

ക്രോവേമാരുടെമേൽ അങ്ങു സിംഹാസനസ്ഥനാണ്; ഭൂമി മുഴുവനും വിറകൊള്ളുന്നു.

കർത്താവു സെഹിയോനിൽ സമുന്നതനാണ്; സർവജനതകളുടെയുംമേൽ ഉന്നതനാണ്.

സംപൂജ്യവും ഭയഭക്തിജനകവുമായ നാമം അവരെല്ലാം സ്തുതിക്കട്ടെ; എന്തുകൊണ്ടെന്നാൽ അതു പരിശുദ്ധമാകുന്നു.

അങ്ങു ശക്തനായ രാജാവാകുന്നു; ന്യായവിധി അങ്ങു സ്നേഹിക്കുന്നു.

സത്യവും ന്യായവും അങ്ങു ക്രമപ്പെടുത്തി; യാക്കോബിൽ നീതി സ്ഥാപിച്ചു.

ദൈവമായ കർത്താവിനെ പുകഴ്ത്തുവിൻ; അവിടത്തെ പാദപീഠം വണങ്ങുവിൻ.

മൂശെ പരിശുദ്ധനാകുന്നു; പുരോഹിതന്മാരിൽ അഹറോനും തിരുനാമകീർത്തകരിൽ സാമുവലും.

അവർ കർത്താവിനെ വിളിച്ചപേക്ഷിച്ചു; അവിടന്ന് അവർക്ക് ഉത്തരമരുളി; മേഘസ്തംഭത്തിൽനിന്നു സംസാരിച്ചു.

അവർ അവിടത്തെ നിയമം കാത്തു; അവർക്കു നല്കിയ ഉടമ്പടി പാലിച്ചു.

ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങ് അവർക്ക് ഉത്തരമരുളി; അവരുടെ പ്രവൃത്തികൾക്കനുസരിച്ചു പ്രതിഫലം നല്കി.

ദൈവമായ കർത്താവിനെ വാഴ്ത്തുവിൻ; വിശുദ്ധപർവതത്തിൽ അവിടത്തെ ആരാധിക്കുവിൻ; നമ്മുടെ ദൈവമായ കർത്താവു പരിശുദ്ധനാകുന്നു.

(കാനോനാ) ഞങ്ങളുടെ രക്ഷകാ, അങ്ങയുടെ ശക്തിപോലെ വേറൊന്നില്ല; വിശുദ്ധശ്ലീഹന്മാരെ അങ്ങു ദൈവാത്മാവിനാൽ നിറച്ചു.

(സങ്കീ 100) ഭൂവാസികളേ, കർത്താവിനെ സ്തുതിക്കുവിൻ; സന്തോഷപൂർവം അവിടത്തെ ശുശ്രൂഷിക്കുവിൻ.

(കാനോനാ) നമ്മുടെ കർത്താവ് ആഗതനാകുമ്പോൾ അവനെ എതിരേല്ക്കാനായി നീതിമാന്മാർ മഹത്ത്വമണിഞ്ഞ് മേഘങ്ങളിൽ മുകളിലേക്കു പറക്കും.

കീർത്തനങ്ങൾ പാടിക്കൊണ്ട് അവിടത്തെ തിരുമുമ്പിൽ പ്രവേശിക്കുവിൻ.

നമ്മുടെ ദൈവമായ കർത്താവ് അവിടന്നാണ് എന്ന് നിങ്ങൾ അറിയുവിൻ.

നാമല്ല, അവിടന്നാണ് നമ്മെ സൃഷ്ടിച്ചത്; നാം അവിടത്തെ ജനവും മേച്ചിൽസ്ഥലത്തെ അജഗണവുമാകുന്നു.

സ്തോത്രങ്ങൾ പാടിക്കൊണ്ട് അവിടത്തെ വാതിലുകൾ കടക്കുവിൻ.

കീർത്തനങ്ങളാലപിച്ചുകൊണ്ട് അങ്കണത്തിലേക്കു പ്രവേശിക്കുവിൻ.

നിങ്ങൾ അവിടത്തെ സ്തുതിക്കുവിൻ; അവിടത്തെ നാമം വാഴ്ത്തുവിൻ.

കർത്താവു നല്ലവനാകുന്നു; അവിടത്തെ കൃപയും വിശ്വസ്തതയും എന്നേക്കും നിലനില്ക്കും.

(കാനോനാ) നമ്മുടെ കർത്താവ് ആഗതനാകുമ്പോൾ അവനെ എതിരേല്ക്കാനായി നീതിമാന്മാർ മഹത്ത്വമണിഞ്ഞ് മേഘങ്ങളിൽ മുകളിലേക്കു പറക്കും.

(സങ്കീ 101) കർത്താവേ, ഞാൻ അങ്ങയെ പാടിപ്പുകഴ്ത്തും; അങ്ങേ കൃപയും നീതിയും പ്രകീർത്തിക്കും.

(കാനോനാ) ഞാൻ ആശ്രയിച്ച കർത്താവ്, എന്നെ ദ്വേഷിച്ച ശത്രുക്കളിൽനിന്ന് തന്റെ കാരുണ്യത്താൽ എന്നെ കാത്തുരക്ഷിക്കുന്നു.

അങ്ങേ മാർഗത്തിൽ കളങ്കരഹിതനായി ഞാൻ ചരിക്കും; അങ്ങ് എപ്പോഴാണ് എന്റെയരികിലെത്തുന്നത്?

പരമാർഥഹൃദയത്തോടെ എന്റെ ഭവനത്തിൽ ഞാൻ വ്യാപരിക്കും; തിന്മയായതൊന്നും എന്റെ കൺമുമ്പിലില്ല.

ദുഷ്കർമിയെ ഞാൻ ദ്വേഷിക്കുന്നു; അവനോടു ഞാൻ ചേർന്നുനിന്നില്ല.

ദുഷ്ടഹൃദയം എന്നിൽനിന്ന് അകന്നുപോകട്ടെ; തിന്മ ഞാൻ അറിയുന്നില്ല.

തന്റെ സ്നേഹിതനെതിരായി രഹസ്യത്തിൽ ദൂഷണം പറയുന്നവനെ ഞാൻ നശിപ്പിക്കും.

അഹങ്കാരിയോടും ഗർവിഷ്ഠനോടുംകൂടെ ഞാൻ ഭക്ഷിക്കുകയില്ല.

ദേശത്തുള്ള വിശ്വസ്തരിൽ ഞാൻ കണ്ണുറപ്പിക്കുന്നു; അവർ എന്നോടൊത്തു വസിക്കട്ടെ.

കുറ്റമറ്റ വഴിയിൽ നടക്കുന്നവൻ എന്നെ പരിചരിക്കട്ടെ; വഞ്ചകൻ എന്റെ വീട്ടിൽ വസിക്കയില്ല; അസത്യഭാഷി എന്റെ കൺമുമ്പിൽ നില്ക്കുകയില്ല.

ദേശത്തിലെ ദുഷ്കർമികളെയെല്ലാം പ്രഭാതവേളയിൽ ഞാൻ നിശ്ശബ്ദരാക്കും.

കർത്താവിന്റെ നഗരത്തിൽനിന്ന് അധർമികളെയെല്ലാം ഞാൻ നശിപ്പിക്കും.

(കാനോനാ) ഞാൻ ആശ്രയിച്ച കർത്താവ് എന്നെ ദ്വേഷിച്ച ശത്രുക്കളിൽനിന്ന് തന്റെ കാരുണ്യത്താൽ എന്നെ കാത്തുരക്ഷിക്കുന്നു.

കാർമി: ശുവ്ഹാ ലാവാ ഉലവ്റാ വല്റൂഹാ ദ്ക്കുദ്ശാ. മിൻ ആലം വാദമ്മാ ല്ആലം ആമേൻ വാമേൻ.

മ്ശം: ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി: സ്വർഗത്തിൽനിന്നിറങ്ങിവന്ന് ഞങ്ങളുടെ മർത്ത്യശരീരം ധരിക്കുകയും ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള നിന്റെ പരിപാലനാപദ്ധതി പൂർത്തിയാക്കുകയും നിന്റെ പരിശുദ്ധപെസഹായിൽ ഞങ്ങൾക്ക് തന്നത്തന്നെ മുറിച്ചുതരുകയും രക്ഷാകരമായ പീഡാസഹനത്തിന് സ്വയം ഏല്പിച്ചുകൊടുക്കുകയും പരിഹാസത്തിന്റെ സ്ലീവാ വഹിക്കുകയും നിന്റെ പാർശ്വത്തിൽനിന്നു പുറപ്പെട്ട രക്തത്താലും ജലത്താലും പാപം പോക്കുകയും ഞങ്ങളുടെ കളങ്കങ്ങൾ നിന്റെ കൃപയാലും കരുണയാലും കഴുകി വെടിപ്പാക്കുകയുംചെയ്ത ഉന്നതനേ, നിനക്കു സ്തുതി. മാറാ ദ്കോൽ ല്അൽമീൻ.

സമൂ: ആമേൻ.

മ്ശം: (സങ്കീ 84) ശക്തനായ കർത്താവേ, അങ്ങേ കൂടാരങ്ങൾ എത്ര പ്രിയങ്കരമാകുന്നു; കർത്താവിന്റെ അങ്കണങ്ങൾക്കായി എന്റെ ആത്മാവു തീവ്രമായി അഭിലഷിക്കുന്നു.

(കാനോനാ) എല്ലാറ്റിനെയും പവിത്രീകരിക്കുന്ന ദൈവമേ, അങ്ങയുടെ വിശുദ്ധസ്ഥലം എത്ര സ്തുത്യർഹവും മനോഹരവുമാകുന്നു.

എന്റെ ഹൃദയവും ശരീരവും ജീവിക്കുന്ന ദൈവത്തെ സ്തുതിക്കുന്നു.

കുരുവി അതിനു പാർപ്പിടവും ചെങ്ങാലി കൂടും കണ്ടെത്തി.

ശക്തനായ കർത്താവേ, അങ്ങേ ബലിപീഠത്തിനരികിൽ അവ കുഞ്ഞുങ്ങളെ വളർത്തുന്നു.

എന്റെ രാജാവേ, എന്റെ ദൈവമേ, അങ്ങയുടെ ഭവനത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ അവർ എന്നേക്കും അങ്ങയെ സ്തുതിക്കും.

അങ്ങു സഹായിക്കുകയും അങ്ങയുടെ വഴികൾ ഹൃദയത്തിലുറപ്പിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ.

അവർ ബാക്കാത്താഴ്വരയിലൂടെ കടന്നുപോയി; അവർ അതിനെ വസതിയാക്കി; പ്രമാണദാതാവ് അതിനെ അനുഗ്രഹിച്ചു.

അവർ ശക്തിയിൽനിന്നു ശക്തിയിലേക്കു പോകും; അത്യുന്നതനായ ദൈവം സെഹിയോനിൽ പ്രത്യക്ഷനാകും.

കർത്താവേ, ശക്തനായ ദൈവമേ, എന്റെ പ്രാർഥന കേൾക്കണമേ; യാക്കോബിന്റെ ദൈവമേ, എന്നെ ചെവിക്കൊള്ളണമേ.

സഹായകനായ ദൈവമേ, കടാക്ഷിക്കണമേ; അങ്ങേ അഭിഷിക്തനെ തൃക്കൺപാർക്കണമേ.

ദുഷ്ടന്മാരുടെ കൂടാരത്തിൽ വസിക്കുന്നതിനെക്കാൾ ദൈവഭവനത്തിൽ വസിക്കാൻ ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നു.

അങ്ങയുടെ ഭവനത്തിലെ ഒരു ദിവസം മറ്റ് ആയിരം ദിവസങ്ങളെക്കാൾ കൂടുതൽ അഭികാമ്യമാണല്ലോ.

എന്തുകൊണ്ടെന്നാൽ നമ്മുടെ സഹായകനും സംരക്ഷകനും ദൈവമായ കർത്താവാകുന്നു.

കർത്താവു കരുണയും മഹത്ത്വവും നല്കുന്നു; പരമാർത്ഥതയോടെ വ്യാപരിക്കുന്നവർക്ക് തന്റെ നന്മകൾ നിഷേധിക്കയില്ല.

കർത്താവേ, ശക്തനായ ദൈവമേ, അങ്ങിൽ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ.

(കാനോനാ) എല്ലാറ്റിനെയും പവിത്രീകരിക്കുന്ന ദൈവമേ, അങ്ങയുടെ വിശുദ്ധസ്ഥലം എത്ര സ്തുത്യർഹവും മനോഹരവുമാകുന്നു.

(തുടർന്ന്) രാജാവായ കർത്താവേ, ഞാൻ അങ്ങയെ പുകഴ്ത്തും; അങ്ങേ നാമം എന്നെന്നും പ്രകീർത്തിക്കും.

അനുദിനം ഞാൻ അങ്ങയെ വാഴ്ത്തും; അങ്ങയുടെ നാമം എന്നേക്കും പുകഴ്ത്തും.

നമ്മുടെ കർത്താവു വലിയവനാകുന്നു; അത്യന്തം സ്തുത്യർഹനുമാകുന്നു; അവിടത്തെ പ്രതാപം നിസ്സീമമാകുന്നു.

തലമുറ തലമുറയോട് അങ്ങേ ചെയ്തികൾ വിളിച്ചോതും; അങ്ങേ ശക്തിവെളിപ്പെടുത്തും.

വിസ്മയകരമായ ശക്തി പ്രഘോഷിക്കും; അങ്ങേ മഹത്ത്വം പ്രകീർത്തിക്കും.

അങ്ങേ കൃപാതിരേകത്തിന്റെ ഓർമ നീതിമാന്മാർ തേടിനടക്കും; അവർ അതു കണ്ടെത്തുകയും ചെയ്യും.

കാർമി: ശുവ്ഹാ ലാവാ ഉലവ്റാ വല്റൂഹാ ദ്ക്കുദ്ശാ.

സമൂ: മിൻ ആലം വാദമ്മാ ല്ആലം ആമേൻ വാമേൻ.

കാർമി: (കാനോനാ) എല്ലാറ്റിനെയും പവിത്രീകരിക്കുന്ന ദൈവമേ, അങ്ങയുടെ വിശുദ്ധസ്ഥലം എത്ര സ്തുത്യർഹവും മനോഹരവുമാകുന്നു.

സമൂ: ശക്തനായ കർത്താവേ, അങ്ങേ കൂടാരങ്ങൾ എത്ര പ്രിയങ്കരമാകുന്നു; കർത്താവിന്റെ അങ്കണങ്ങൾക്കായി എന്റെ ആത്മാവു തീവ്രമായി അഭിലഷിക്കുന്നു.

(കാനോനാ) എല്ലാറ്റിനെയും പവിത്രീകരിക്കുന്ന ദൈവമേ, അങ്ങയുടെ വിശുദ്ധസ്ഥലം എത്ര സ്തുത്യർഹവും മനോഹരവുമാകുന്നു.

മ്ശം: ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ. നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി: ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു ഞങ്ങൾക്കു നല്കിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കുവാൻ കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകലസൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞു മുടിചൂടിനില്ക്കുന്ന സഭയിൽ ഞങ്ങൾ അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ, അങ്ങു സകലത്തിന്റെയും നാഥനും സ്രഷ്ടാവുമാകുന്നു. മാറാ ദ്കോൽ ആവാ വൗറാ ഉറൂഹാ ദ്ക്കുദ്ശാ ല്അൽമീൻ.

സമൂ: ആമേൻ.

സമൂ: ലാകു മാറാ ദ്കൊല്ലാ മൗദേനൻ: ഉലാക് ഈശോ മ്ശീഹാ മ്ശബ്ഹീനൻ : ദത്തു മ്നഹ്മാനാ ദ്പഗ്റൈൻ: വത്തു പാറോക്കാ ഥാവാ ദ്നവ്ശാസൻ.

കാർമി: അശീഗേസ് ദക്യാഈസ് ഈദയ്. വെസ്ക്കർക്കേസ് ല്മദ്ബ്ഹാക് മർയാ. ലാകു മാറാ ...

സമൂ: ശുവ്ഹാ ലാവാ ഉലവ്റാ വല്റൂഹാ ദ്ക്കുദ്ശാ. മിൻആലം വാദമ്മാ ല്ആലം ആമേൻ വാമേൻ. ലാകു മാറാ ...

മ്ശം: നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി : ഞങ്ങളുടെ കർത്താവായ ദൈവമേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാകുന്നു. മാറാ ദ്കോൽ ല്അൽമീൻ.

സമൂ: ആമേൻ.

മ്ശം: ആറീം കാൽകോൻ ഉശമ്പഹ് കൊല്ലേ അമ്മാ ലാലാഹാ ഹയ്യാ.

സമൂ: കന്ദീശാ ആലാഹാ, കന്ദീശാ ഹൈൽസാനാ, കന്ദീശാ ലാ മായോസാ എസ്രാഹം അലൈൻ.

കാർമി: ശുവ്ഹാ ലാവാ ഉലവ്റാ ്റൂഹാദ്ഖുദ്ശാ. കന്ദീശാ ...

സമൂ: മിൻ ആലം വാദമ്മാ ല്ആലം ആമേൻ വാമേൻ. കന്ദീശാ...

മ്ശം: നമുക്കു പ്രാർഥിക്കാം, സമാധാനം നമ്മോടുകൂടെ.

കാർമി: വിശുദ്ധരിൽ വസിക്കുകയും അവരിൽ സംപ്രീതനാവുകയും ചെയ്യുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്ത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണകാണിക്കുകയും ചെയ്യണമേ. മാറാ ദ്കോൽ ആവാ വൗറാ ഉറൂഹാ ദ്ക്കുദ്ശാ ല്അൽമീൻ.

സമൂ: ആമേൻ.

കൈവയ്പ്പുപ്രാർഥന

മ്ശം: (ബാറെക് മാർ. അർക്കൻ റേശൈക്കോൻ ലസ്യാമീദാ ഉകമ്പൽ ബുർക്സാ) സഹോദരരേ, നമുക്ക് കൈവയ്പ്പിനായി തല കുനിക്കുകയും ആശീർവാദം സ്വീകരിക്കുകയും ചെയ്യാം.

കാർമി: (താഴ്ന്ന സ്വരത്തിൽ) മാറൻ വാലാഹൻ സ്വീകർത്താക്കളെ സമ്പന്നരാക്കുന്ന നിധിയേ, അവശ്യക്കാർക്ക് തന്റെ ദാനങ്ങൾ നിഷേധിക്കാത്ത സമ്പന്നനേ, തന്നെ സേവിക്കുന്നവരെ വഞ്ചിക്കാത്ത നല്ലവനേ, തന്റെ ദാസരെ അവഗണിക്കാത്ത കർത്താവേ, നിന്റെ ദാസരുടെ പ്രാർഥന അലിവോടെ കേൾക്കുകയും നിന്റെ ആരാധകരുടെ യാചനകൾ നിന്റെ കാരുണ്യത്താൽ സ്വീകരിക്കുകയും ചെയ്യണമേ. നിന്റെ സമ്പന്നമായ നിക്ഷേപാലയത്തിൽനിന്ന് നിന്റെ കരുണയാൽ ഞങ്ങളുടെ അപേക്ഷകൾക്ക് ഉത്തരമരുളണമേ. നിന്റെ മേച്ചിൽപുറത്തെ പ്രിയപ്പെട്ട അജഗണത്തെ എല്ലാ ഉപദ്രവ ങ്ങളിൽനിന്നും നിന്റെ കൃപയാൽ കാത്തുകൊള്ളണമേ. ജീവിതത്തിലെ എല്ലാദിവസവും ഞങ്ങൾക്കിടയിൽ നിന്റെ ശാന്തിയും സമാധാനവും നിവസിപ്പിക്കണമേ. മാറാ ദ്കോൽ ആവാ വൗറാ ഉറൂഹാ ദ്ക്കുദ്ശാ ല്അൽമീൻ.

സമൂ: ആമേൻ.

കാർമി: (ഉയർന്ന സ്വരത്തിൽ) മാറൻ വാലാഹൻ ഞങ്ങളുടെ ആത്മാക്കൾ നിൻെറ മഹനീയമായ ത്രിത്വത്തിൻെറ പൂർണമായ ഏകവിശ്വാസത്തിൽ പൂർണമാക്കപ്പെടുമ്പോൾ സ്നേഹത്തിന്റെ ഒരേ ഐക്യത്തിൽ, ഞങ്ങളെല്ലാവരും എല്ലാസമയവും നിനക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ യോഗ്യരാകട്ടെ. മാറാ ദ്കോൽ ആവാ വൗറാ ഉറൂഹാ ദ്ക്കുദ്ശാ ല്അൽമീൻ.

സമൂ: ആമേൻ.

ഓനിയാസാ

(ബ്രികീത്തോൻ ... കർത്താവിൽ ഞാൻ ദൃഢമായി ..)

അങ്ങയുടെ നാമം എന്നെന്നും സ്തുതിക്കപ്പെടട്ടെ (തോബി 3, 11)

നാഥാ, തവനാമം
മാനവരെന്നാളും
ഓർത്തു വണങ്ങീടാൻ;
ഞങ്ങളെ വീണ്ടുമുയർത്തീടാൻ
നിന്നിൽ പൂർണതപുല്കിയതാം
മഹനീയം നിൻ സഹനങ്ങൾ
തിരുസഭ ഘോഷിച്ചീടുന്നു
രക്ഷകനാം നിന്നെ വാഴ്ത്തുന്നു.

ദൈവമേ, നിന്റെ നാമത്താൽ എന്നെ രക്ഷിക്കണമേ (സങ്കീ 54, 1)
താവകതിരുനാമം
തലമുറതലമുറകൾ
നിത്യവുമോർത്തീടാൻ
രക്ഷകനീശോമിശിഹായേ,
നിന്നുടെ പീഡാസഹനത്തിൻ
സ്മരണയിഹത്തിൽ ഘോഷിക്കും
സഭതൻ സുതരെ കാക്കണമേ
പാപത്തിൽ വീഴാതെന്നാളും.

ആദിമുതൽ ഉണ്ടായിരുന്നതു ഞങ്ങൾ അറിയിക്കുന്നു (1 യോഹ 1, 1)
ആദിമനാളുകളിൽ
ഒളിവായ് മേവിയതാം
ദൈവരഹസ്യങ്ങൾ
സ്രഷ്ടാവിൻ തിരുഹിതമതിനാൽ
മിശിഹാതന്നുടെ ദെനഹായിൽ
വെളിവാക്കുകയാൽ വാനവരും
മാനവഗണവും ദൈവികമാം
ജ്ഞാനത്താൽ പരിചിൽ പൂരിതരായ്.

ദൈവവും കർത്താവുമായ ഞാൻ പരിശുദ്ധനാണ് (ലേവ്യ 19, 2)
ഏകസ്വഭാവത്തിൽ
മൂന്നാളുകളായി
വാഴും ദൈവത്തിൻ
മഹിമാവിൻ പരിശുദ്ധിയതിൻ
വിസ്മയദൃശ്യം കണ്ടവരാം
വാനവ, മാനവഗണമൊന്നായ്
ഉദ്ഘോഷിച്ചതിമോദമൊടെ
ത്രിത്വത്തിൻ റാസാ മഹനീയം.

നീ എന്നേക്കും പുരോഹിതനാകുന്നു (സങ്കീ 110, 4)
സർവജനത്തിന്നും
മുമ്പായ് യോഹന്നാൻ
യോർദാൻ നദിതന്നിൽ
ദൈവത്തിൻ പ്രിയമേഷത്തെ
മാമോദീസാ മുക്കി മുദാ.
വെള്ളത്തിൽനിന്നുയരുമ്പോൾ

പാവനറൂഹാ പ്രാവുസമം
മിശിഹാതൻ ശിരസ്സിൽ നിവസിച്ചു.

ശുഹ്ലാപ്പാ

(ദവ്റേശ് ക്സാവേ.. എഴുതീ നരകുലരക്ഷകനാം..)

അവൻ എന്റെ കാലുകളെ പാറമേൽ നിറുത്തി (സങ്കീ 40, 2)
നാഥാ, ശെമയോൻ കേപ്പാതൻ
വിശ്വാസത്തിൻ ശിലയിൽ നീ
കൃപയാലെന്നെയുറപ്പിച്ചു.
ഉത്തമരാകും തനയർക്കായ്
നല്കിടുമുന്നതശുദ്ധി മുദാ
വാഗ്ദാനംചെയ്തീ സഭയിൽ
നല്കീ മാമോദീസായും.
എങ്കിലുമെന്നുടെ ചെയ്തികളാൽ
ധൂർത്തനു തുല്യം നിപതിച്ചേൻ
അവകാശിയവൻ ധനമഖിലം
വാങ്ങിച്ചകലെയലഞ്ഞല്ലോ.
എന്റെ പാപങ്ങൾ എപ്പോഴും എന്റെ മുമ്പിലുണ്ട് (സങ്കീ 51, 3)
താതാ, ധൂർത്തനുതുല്യം ഞാൻ
നിൻ തിരുമുമ്പിൽ യാചിപ്പൂ
കരുണ പൊഴിക്കണമെന്നിൽ നീ.
പാപംചെയ്തു നിനക്കെതിരായ്
വിണ്ണിനുമെതിരായനുദിനവും
നിൻ മകനെന്നു വിളിക്കാനായ്
തെല്ലും യോഗ്യതയില്ലെന്നിൽ.
കരുണാനിധിയാം താതാ, നിൻ
തിരുസന്നിധിയിൽ കേഴുന്നേൻ
തള്ളരുതെന്നെ തഴയരുതേ
കരുണ പൊഴിക്കണമെന്നിൽ നീ.
ഞാൻ ഇളകാതിരിക്കാൻ എന്റെ അഭയകേന്ദ്രം ദൈവമാണ് (സങ്കീ 62, 6)
നാഥാ, നിൻ തിരുസഭയെ നീ
വിശ്വാസത്തിൽ സുസ്ഥിരനാം
കേപ്പായുടെമേൽ പണിതീർത്തു.

ശീശ്മകളാം തിരമാലകളും
ഭീകരമായ കൊടുങ്കാറ്റും
അവളെയിളക്കില്ലൊരുനാളും
വാഗ്ദാനം നീയവനേകി.
തന്നുടെ സൈനികനിരയാലെ
അവളെ ജയിക്കാനാവാത്തോൻ
സാത്താൻ നൂതനതന്ത്രങ്ങൾ
മനയുന്നേറ്റം പകയോടെ.

അവർ വലിയ സമാധാനം ആസ്വദിക്കും (സങ്കീ 37, 11)
നാഥാ, ദിവ്യപ്രബോധകയാം
സഭയുടെ സുതരെ വീഴ്ത്താനായ്
സാത്താൻ പകയുളവാക്കുന്നു.
നാനാദിക്കിലുമൊരുപോലെ
തമ്മിലടിച്ചു നശിക്കാനായ്
പാരമസൂയ വളർത്തുന്നു
മായാസ്തുതികളുയർത്തുന്നു.
ദുരയുമഹങ്കാരത്തികവും
കാട്ടുന്നവരെയകറ്റണമേ
സഭതൻ സുതരിൽ ശാന്തി സദാ
വാണിടുവാൻ കൃപയേകണമേ.

ശുഹ്ലാപ്പാ

(മെത്തോൽ ദ്ഹൂയു... പുലരിപ്രഭയിൽ ...)

നീ പണ്ടേ സ്വന്തമാക്കിയ സഭയെ ഓർക്കണമേ (സങ്കീ 74, 2)
മാനവരക്ഷയ്ക്കായ് മന്നിൽ
വന്നവനീശോമിശിഹായേ,
സുതനാം നാഥാ, നിൻ സഭയെ
ഓർക്കണമവളെ കനിവോടെ.
ആദിയിലവളെ നിന്റേതായ്
കൈക്കൊള്ളാൻ മനസ്സായവനേ,
നീയാണവളുടെ രാജാവും
സഭതൻ സുതരുടെ പാലകനും.

നിന്റെ മുന്തിരിച്ചെടിയെ സന്ദർശിക്കണമേ (സങ്കീ 80, 14).
ശീയോലിൻ ഭരണാധിപരും
അതിനുടെ വാതിലുമൊരുനാളും
സഭയിൽ പ്രബലത നേടില്ലെ-
ന്നരുളീ നിൻ തിരുവചനത്തിൽ.
നിൻ തിരുസഭയെ വളർത്തി മുദാ
പാലിച്ചവനാം കേപ്പായ്ക്കായ്
നീയന്നേകിയ വാഗ്ദാനം
പാലിക്കാൻ കനിവാകണമേ.

എന്റെ രക്ഷയും ബഹുമാനവും ദൈവത്തിലാണ് (സങ്കീ 62, 7)
യുദ്ധപ്രിയരായ് വിഭജിതരായ്
നിലകൊണ്ടീടും ജനതകളെ
നിൻ തിരുസഭയുടെ മുമ്പാകെ
അടിമകളാക്കാൻ കനിയണമേ.
രക്ഷകനേ, നിൻ തിരുവചനം
അവളിൽ സുസ്ഥിരമാക്കണമേ
നീയാണവളിൽ നിവസിക്കും
സുതരുടെ മഹിമയുമുന്നതിയും.

ശുഹ്ലാപ്പാ

(മറിയാ ബ്സപ്രാ... കരുണാനിധിയാം കർത്താവേ,...)

ഈ തലമുറയിൽനിന്ന് എന്നെ രക്ഷിക്കണമേ (സങ്കീ 12, 7)
കാരുണ്യത്താൽ കർത്താവേ,
നിന്നുടെ സഭയെ കാക്കണമേ
യുദ്ധം ദൂരെയകറ്റണമേ
ഭിന്നതയെല്ലാം നീക്കണമേ
സഭതൻ സുതരെ സ്നേഹത്തിൽ,
ഐക്യത്തിൽ ദൃഢമാക്കണമേ.

നിന്റെ അഭിഷിക്തനെ തൃക്കൺപാർക്കണമേ (സങ്കീ 84, 9)
കർത്താവേ, നിൻ തിരുസഭയിൽ
വൈദികവൃന്ദം ദൈവികമാം
ശാന്തിയിലെന്നും മേവട്ടെ.

നിന്നിൽ ദൃഢമാം സ്നേഹത്തിൽ
വിശ്വാസത്തിൽ പുലരട്ടെ
മാതൃകയേകി വിളങ്ങട്ടെ.

ഞാൻ നിങ്ങൾക്ക് ഇടയന്മാരെ നല്കും. (ജറ 3,15)
ദൈവജനത്തിൻ മധ്യത്തിൽ
മധ്യസ്ഥന്മാരായിടുവാൻ
ഇടയരെയൻപൊടു കാക്കണമേ
തന്റെ ജനത്തിൻ ശാന്തിക്കായ്
നാഥാ, നിൻ തിരുമുമ്പിലവർ
നിതരാം പ്രാർഥിച്ചീടട്ടെ.

കർത്താവേ, നിന്റെ മഹത്ത്വം അവർ വിവരിക്കും (സങ്കീ 144, 6)
കർത്താവേ, നിൻ സൂവാറാ
നിത്യമനുഗ്രഹദായകമാം
ജനനവുമതുപോൽ ദനഹായും.
ദൈവികമാം നിൻ പോഷണവും
നിൻ മാതാവിൻ സ്മരണയതും
നിത്യമനുഗ്രഹപൂരിതമാം.

കർത്താവേ, നിന്റെ മഹത്ത്വം അവർ വിവരിക്കും (സങ്കീ 144, 6)
കർത്താവീശോ മിശിഹായേ,
നിന്നുടെയുന്നതദൈവത്വം
ഘോഷിച്ചുലകിൽ മാംദാനാ
കേപ്പായ്ക്കൊപ്പം പൗലോസും
സുവിശേഷകരും സഹദായും
നിന്നുടെയുത്തമസാക്ഷികളായ്.

നീതിമാന്മാരുടെ മരണം വിലയേറിയതാകുന്നു (സങ്കീ 115, 15)
ദിയദോറോസും നർസൈയും
അവരുടെ അനുചരരെല്ലാരും
മാർ ആവായും ധന്യർ താൻ.
കർത്താവേ, നിൻ പ്രേഷിതരായ്
മൃതരായ് വാങ്ങിപ്പോയവർതൻ
തിരുനാളേറ്റം മഹനീയം.

ശുഹ്ലാപ്പാ

(ഹന്താ നവ്ശേ... നൃപനാം മിശിഹാകർത്താവേ, ...)

കർത്താവിനെ ഞാൻ എന്നും പുകഴ്ത്തും (സങ്കീ 144, 1)

കർത്താവേ, നിന്നുപവാസം
ദൈവാനുഗ്രഹസമ്പന്നം
ഓർശ്ലേം പട്ടണയാത്രയതും
നിൻ പെസഹായും മഹനീയം
ശിഷ്യഗണത്തിൻ പാദങ്ങൾ
കഴുകിയ മാതൃകയതിധന്യം.

എന്നേക്കും ഞാൻ നിന്റെ നാമം പുകഴ്ത്തും (സങ്കീ 144, 2)

കർത്താവേ, നിൻ പീഡകളും
മൃതിയുമുയിർപ്പും മഹനീയം
നിന്നുടെ സ്വർഗാരോഹണവും
കൃപപൂരിതമാണെന്നാളും
പാവനനാകും റൂഹാതൻ
അവരോഹണവും ധന്യംതാൻ.

